7. **MR. S. MUTHUKARUPPA PILLAI** (*Tovala* cum *Agastiswaram*): Will the Government be pleased to state whether they are aware:

1. (*a*) that the ryots of Nanjinad were all along depending for the plough and cart cattle on the adjoining British Indian Districts;

(*b*) that on account of the prohibition imposed by the Madras Government against the import of cattle into Travancore from such districts there is already a serious dearth of such cattle in Nanjinad;

(*c*) that such dearth of cattle has already begun to seriously affect paddy cultivation;

2. if they are not aware, will they be pleased to make immediate enquiries on the subject and ascertain the real condition now prevailing; and

3. will they be pleased to make immediate and strong representation to the British Indian Government and have this prohibition removed before the condition of the paddy cultivation in Nanjinad becomes still worse?

MR. K. SUBRAMONIA PILLAI: 1. (*a*) Yes.

(*b*) Yes.

(*c*) Yes.

2. In view of the answers to (*a*), (*b*) and (*c*) this does not arise.

3. Necessary action has already been taken as the result of which a Joint Board in which Travancore also is represented will consider the question shortly.

Midwives and Nurses.

8. **MR. S. MUTHUKARUPPA PILLAI**: Will the Government be pleased to state whether they are aware:

(*a*) that at present there are not sufficient number of midwives and nurses available in the State especially for service in the villages; and

[Mr. S. Muthukaruppa Pillai.]

(b) will the Government consider the desirability of opening up regular classes in some central place in Travancore to train up a larger number of midwives and nurses with a view to open up a living to a larger number of women in the State and also the desirability of making them available to the village folk also at the rate of at least one for each pakuthi in the State?

RAJYASEVAPRAVINA G. PARAMESWARAN PILLAI: (a) Yes.

(b) Classes for training Midwives have been started from 1-2-1119 in four centres *viz.*,

Women and Children's Hospital, Trivandrum	...	15 pupils.
Victoria Hospital, Quilon	...	15 do.
District Hospital, Alleppey	...	5 do.
District Hospital, Kottayam	...	5 do.
Total	...	40 do.

A class for training nurses has also been started in the General Hospital. 33 students are now undergoing training. These classes will be continued for some time.

Paddy purchase.

9. **MR. S. MUTHUKARUPPA PILLAI:** Will the Government be pleased to state:

(a) whether they are aware that according to the present system adopted by the Government of purchasing excess paddy from the ryots immediately after each harvest, the ryots as far as possible dispose of to Government undried and wet paddy with a view to prevent loss by shrinkage;

(b) whether they are aware that the Proverticars after purchase of such paddy, with a view to prevent loss to them by shrinkage and also for want of better convenience store them up in close and air tight rooms allowing them to deteriorate;

(c) whether they are aware that for these reasons the major portion of the paddy collected by Government after each harvest does not reach finally the consumers in a wholesome condition; and

(d) if they are aware, will they be pleased to consider the possibility of making better arrangements so that at least the local paddy purchased from the ryots may reach the consumers in a wholesome condition?

RAJYASEVAPRAVINA G. PARAMESWARAN PILLAI: (a) Instructions issued in regard to purchase of paddy are that only clean and well-dried paddy should be purchased on behalf of Government from the ryots.

(b) The paddy so purchased is stored in granaries selected according to the convenience of each place. The paddy is taken out and reconditioned as and when necessary to keep it in wholesome condition.

(c) and (d) Do not arise.

Purchase and transport of Food grains.

10. **MR. K. A. MOHAMED** : Will the Government be pleased to place on the table a caste war statement of the employees of the new departments of Purchase and Transport of Food Grains and the Rationing of Food Grains ?

RAJYASEVAPRAVINA G. PARAMESWARAN PILLAI : The time and labour involved in the compilation of these statistics would be out of proportion to its utility.

Commandeering Boats.

11. **MR. K. A. MOHAMED** : Will the Government be pleased to state :

(*a*) when the boats are commandeered whether they give any special marks to them to distinguish them from those that are not commandeered ;

(*b*) whether the public are informed of the same ; and

(*c*) whether they are aware that merchants and businessmen are put to very great loss and delay when they load their goods in commandeered boats being not able to distinguish the commandeered boats from those not commandeered ?

RAJYASEVAPRAVINA G. PARAMESWARAN PILLAI : (*a*) Commandeered vallums are painted with distinguishing marks. The work of painting is in progress and has not been completed.

(*b*) The public could very well see the marks.

(*c*) No. Merchants and businessmen should not load cargo in commandeered boats without permission. Whether a vallum has been commandeered or not can be ascertained also from the lists kept in the Depot Offices and Canal Offices.

RULING RE: ABCENCE OF MEMBERS DURING POLL.

PRESIDENT : Order, order. Two points arose out of yesterday's proceedings. One was with reference to the polls. As there is a large number of new members, I might state that so long as voting on any demand is taking place, nobody should enter or leave the House. Before a poll is called for, there is no restriction on the ingress or egress of the members, but when a poll is being taken, they must either be in or out, and only those persons who are present will be counted.

The next point arises out of a question put by Mr. M. R. Ramakrishna Pillai with regard to the publication of one of his speeches. Does the honourable member wish to say anything on the matter ? We are now ready.

RULING RE : PRESS REPORTING.

MR. M. R. RAMAKRISHNA PILLAI (*Chirayinkil* cum *Nedumangad*) : It is a matter of general interest and I want to raise the point as one affecting the Press as a whole.

PRESIDENT : Have you seen the latest issue of the paper which has published a correction ?

MR. M. R. RAMAKRISHNA PILLAI: I saw it, Sir. But that has made matters worse.

I think that the Press has got the responsibility to see that the proceedings of the Legislature appear in extenso, or if they abridge, they do so at their own responsibility or risk. In England, you may be aware, Sir......

PRESIDENT: I am making a ruling in the matter.

MR. M. R. RAMAKRISHNA PILLAI: Then I do not want to pursue it.

PRESIDENT: No, no. By all means you can complete your speech.

MR. M. R. RAMAKRISHNA PILLAI: In England, Press reporters are not allowed to be present in the Houses of Parliament, and even if they are so allowed, it is only as sufferance and a matter of privilege. If a member of the House of Commons or the House of Lords demands that the Press should be cleared out, it can be done. I do not know whether it is a right or a privilege in this House. But, at any rate, we members have a right to demand that our speeches, if published, should be correct.

PRESIDENT: Order, order. The strict parliamentary rule is that no parliamentary proceedings should be reported and reporters of the Press are allowed to be present only as a matter of grace and concession. And what is more, no member can get his speech reported in the papers. The right of freedom of speech immediately drops when a member communicates his speech to the Press. If the speech is libellous, people are entitled to proceed against him for libel, notwithstanding that he delivered it at a place where exemption was made. There are very strict rules due to the power of the English Parliament as a sovereign court as well as a sovereign legislature. All those rules have not been adopted *in extenso* in this country. These Houses of Legislature are in no way sovereign either as a court or as a legislature. But it is a clear and undoubted rule that the reporters to the various newspapers are here as a matter of privilege and not as of right. At any stage, it is open either to the President or the Honourable House to say that the reporters should cease to attend. From that it follows that the privilege of the reporters is one which can be curtailed or regulated. It is, of course, nobody's idea to curtail these privileges, if the reports are made on the basis that the reports should either be verbatim or absolutely correct, substantial compendia of the speeches. If the reports are verbatim there is not much risk on the reporter, although it may not always be to the advantage of some honourable member to have them reported verbatim, because some people make statements which they later on rather regret having made. But if the reporter wants to condense it, then he must do so at his peril. He must be careful in seeing that all the original points are brought into the summary. And that is a matter which is largely guided by the traditions of the Press, and generally speaking, the Press have exercised their privileges satisfactorily.

If honourable members wish, at any time, to bring to the notice of the Chair, any infraction of the rule or any curtailment of these privileges, they are at liberty to place a statement before the Secretary. The penalty in the Parliament is of course, very serious, but the only penalty that can be inflicted here is to ask the reporter not to attend as a reporter. He can, of course, be in the Visitors' Gallery. I am told just now there has been another report incorrectly made. If the honourable member concerned brings forward the matter, it will be considered.

DEMANDS FOR GRANTS.—(*contd.*)

DEMAND X—LAND REVENUE AND TAXES ON INCOME—(*contd.*)

MR. K. R. NARAYANAN (*Nominated*): I beg leave to move motion No. 19.

Motion No. 19.

MR. K. R. NARAYANAN: സർ, ഞാൻ ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കിക്കൊള്ളുന്നു.

> "To reduce the total allotment of Rs. 18 02,106 for Land Revenue by Re. 1."
>
> To discuss the necessity for taking steps in order to resume land given on registry if it is left uncultivated for 3 years consecutively and to give that land on lease for specific periods to landless persons or persons who own very little land."

PRESIDENT: Order, order. Evidently the honourable member is not aware of what has already been done by the Govenment in this matter. In order to refresh his memory and in order to indicate what the Government propose to do in the matter, the Chief Secretary will make a statement.

RAJYASEVAPRAVINA G. PARAMESVARAN PILLAI: The object of motion No. 19 moved by Mr. K. R. Narayanan is as follows:

> To discuss the necessity for taking steps in order to resume land given on registry if it is left uncultivated for three years consecutively and to give that land on lease for specific periods to landless persons or persons who own very little land.

It is the declared policy of Government that assignments of lands in future would be subject to resumption in the event of no cultivation being started within six months of the date of assignment. The lands will also be subject to periodical inspection by the Land Revenue authorities in order to ascertain the nature and extent of the cultivation effected. Where anti-erosion measures and terrace cultivation are considered to be in the best interests of agricultural operations in particular areas, Government will insist upon these being done. And in appropriate cases where important pioneering work is requisite, Government will render the necessary facilities also. The question, however, may be a little more difficult and complicated in the case of lands which are already at the absolute disposal of registry holders. Even in such cases, Government intend to take the necessary powers and enact measures in order to bring under cultivation compulsorily large areas of uncultivated lands. Provision has already been made in the Defence of Travancore Rules under which Government may,

[Rajyasevapravina G. Paramesvaran Pillai.]

for increasing supplies and services essential to the life of the community, provide for bringing under cultivation any waste or arable land and may also compel the cultivation of specified crops in specified areas. Power is also vested in Government even to take over possession of such lands and make their own arrangements for the cultivation of such lands. This is, however, intended only as a temporary expedient for the duration of the war. But in the larger interests of the State, Government consider that as a planning for the future, measures should be devised to ensure the utilisation of all cultivable land.

PRESIDENT: I may add that Government are also alive to the necessity of making our food supplies adequate and also of improving the other possibilities of cultivation of vegetables and fruits in hilly tracts. Government will, from this year onwards, have no compunction in compelling land owners to cultivate specific items in specific areas in their holding. If they are unable to do so, for financial or other reasons, in proper cases Government are willing to give assistance financially or otherwise. If, within six months after receiving assistance fresh crops or fresh experiments are not started, Government propose, within nine months from now to have a definite policy of taking over such of those lands as are left uncultivated and do the best they could to cultivate those lands. That rule will apply to every square inch of arable land in the State.

MR. K. R. NARAYANAN: സർ, പതിച്ചുകൊടുത്തതിനുശേഷം കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ നയം സ്വാഗതാർഹമാണ്. ഈ വിഷയത്തോടനുബന്ധമായി ഒരു കാര്യംകൂടി എനിക്കു ഗവണ്മെൻറിനെ അറിയിക്കുവാനുണ്ട്. ൫൦ ഏക്കറിൽകൂടുതൽ ഭൂമി ആർക്കെങ്കിലും പതിച്ചുകൊടുത്തു സ്വന്തമായി കൈവശം വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ കൂടുതൽ ഭൂമിയെ തിരിച്ചെടുത്തു ഭൂമി ഇല്ലാത്തവർക്കു കൊടുക്കണമെന്നുള്ളതാണ്. പ്രത്യക്ഷത്തിൽ ഇതു വിപ്ലവകരമായി തോന്നിയേക്കാം.

MR. P. M. VARGHESE: ദേഹണ്ഡം ചെയ്ത സ്ഥലങ്ങളാണെങ്കിൽ അങ്ങനെ ചെയ്യണമോ?

MR. K. R. NARAYANAN: അതിനെ സംബന്ധിച്ചാണു ഞാൻ പറയുന്നത്. ആയിരം ഏക്കർ സ്ഥലം ഒരു വ്യക്തിയോ ഒരു കുടുംബമോ വച്ചനുഭവിക്കുന്നതു മററനവധി വ്യക്തികളോടു ചെയ്യുന്ന ഒരപരാധമാണ്. തിരുവിതാംകൂറിൽ ഇപ്പോഴുള്ളത് ൬൫ ലക്ഷം ജനങ്ങളാണ്. ഇവിടെ മൊത്തത്തിലുള്ള പാട്ടദാരന്മാർ ഏകദേശം ൨൫ ലക്ഷമാണ്. ൬൫ ലക്ഷത്തിൽ ൨൫ ലക്ഷം കഴിച്ചാൽ ബാക്കി ൪൦ ലക്ഷം ആളുകളും ഇവിടെ ഒരിഞ്ചു ഭൂമിപോലും ഇല്ലാത്തവരാണ്.

PRESIDENT: May I appeal to the honourable member that it is much better to walk before you run or jump? Government are taking very extensive powers to try to bring, by means of persuasions and arguments and heart-to-heart talk, as much land as possible under cultivation. If along with such programme any compulsory measures are also adopted we may find that the end of them all will be the flight of capital from the state. The honourable member will therefore bear in mind the old proverb about the goose that lays the golden eggs.

MR. K. R. NARAYANAN: ഏകദേശം ൬൦ ലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഈ രാജ്യത്തു കുറെ ആളുകൾമാത്രം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നതുമൂലമുള്ള വിഷമം ഗവണ്മെന്റു ആലോചിക്കേണ്ടതാണ്. അതില്ലാതാകണം. അതിനു ചില വിഷമങ്ങൾ ഉണ്ടായേക്കാമെന്നു ഗവണ്മെൻറിനു അഭിപ്രായമുള്ളതുകൊണ്ടു ഒരു സംഗതിയെങ്കിലും മേലാൽ ഗവണ്മെൻറു ചെയ്താൽ കൊള്ളാം.

MR. K. T. MICHAEL: ഭൂമി മുഴുവനും ആളോഹരി വച്ചുകൊടുക്കണമെന്നാണോ മെമ്പറുടെ അഭിപ്രായം.

MR. K. R. NARAYANAN: എന്നു ഞാൻ പറഞ്ഞില്ല.

MR. P. M. VARGHESE: എല്ലാവർക്കും ൫൦ ഏക്കർ സ്ഥലം വീതം കൊടുക്കണമെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നതു?

MR. K. R. NARAYANAN: ചിലക്കു ഒട്ടും ഭൂമി ഇല്ലാതിരിക്കയും, ആയിരവും അതിൽകൂടുതലും ഏക്കർ ഭൂമികൾ സ്വാർത്ഥലോലുപന്മാരായ ചിലർ കൈവശം വച്ചനുഭവിക്കുകയും ചെയ്യുന്നതു ഔചിത്യമര്യാദയായതുകൊണ്ടു എനിക്കു ഇതിനോടു അനുകൂല്യമില്ല.

MR. P. M. VARGHESE: എന്തു തോതുവച്ചാണു ൫൦ ഏക്കർ എന്നു തീരുമാനിച്ചതു?

MR. K. R. NARAYANAN: ൧൦൦൦ ഏക്കർ ഭൂമി കൈവശക്കാരനിൽനിന്നും ഉടനടി ൯൯൯ ഏക്കർ ഭൂമിയും എടുക്കുന്നതു ഒരു കടുംകൈ ആയേക്കുമെന്നുള്ള മനുഷ്യസ്നേഹം വച്ചുകൊണ്ടുമാത്രം ഞാൻ അങ്ങനെ ഒരു നിയമമുണ്ടാക്കണമെന്നു അഭിപ്രായപ്പെട്ടതാണ്. ഇനി ഒരു കാര്യംകൂടി എനിക്കു പ്രസ്താവിക്കുവാനുണ്ടു. ഇവിടെ മുളകു, കടലാസു മുതലായ സാധനങ്ങൾക്കു വില നിയന്ത്രിച്ചിട്ടുണ്ടു. എന്തുകൊണ്ടു വസ്തുവിൻെറ വില നിയന്ത്രിച്ചുകൂടാ. കൂടുതൽ വിലയ്ക്കു വസ്തു കൊടുക്കുന്നവരേയും കൂടുതൽ വിലയ്ക്കു വാങ്ങുന്നവരേയും ശിക്ഷിക്കണം.

MR. A. K. BHASKAR (*Quilon cum Kottarakara*): പണമില്ലാത്തവൻ പിന്നെ വസ്തു വാങ്ങിക്കുന്നതെങ്ങിനെ?

MR. K. R. NARAYANAN : അതിനുവേണ്ടിയുള്ള സൌകൎയ്യത്തിനാണു ഞാൻ ഈ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതു്. ഇപ്രകാരം വില നിയന്ത്രിച്ചാൽ ഭൂമി സാധാരണക്കാരനു വാങ്ങിക്കാൻ കഴിയും. ഇൻഡ്യയിലെ പല പ്രധാനപ്പെട്ട രാജ്യങ്ങളിലും ഈ വിഷയം ആലോചനയ്ക്കു വന്നിട്ടുണ്ടു്. ഭൂമിയുടെ വില നിയന്ത്രിക്കുവാൻ കഴിയുമെങ്കിൽ അമിതമായ വില കൊടുത്തു ഭൂമി വാങ്ങുന്ന സമ്പ്രദായം പെട്ടെന്നു് അവസാനിപ്പിക്കുവാൻ കഴിയും. അതുകൊണ്ടു് ഈ സംഗതി ഗവണ്മെൻറിൻെറ ഗൗരവമായ ആലോചനയിൽ വരേണ്ടതു് ഏററവും അത്യാവശ്യമായ കാൎയ്യമാണു്. ധനവാന്മാരായ ആളുകൾ ഭൂമി വാങ്ങിച്ചു വാങ്ങിച്ചു് പാവങ്ങൾക്കു് ഭൂമി ഇല്ലാതാകാതിരിക്കാൻ വേണ്ടിയാണു് ഈ നിർദ്ദേശം സഭ മുമ്പാകെ ഞാൻ സമർപ്പിക്കുന്നതു്.

MR. P. S. MOHAMED : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു് മി. കെ. ആർ. നാരായണൻ പറയുന്ന അഭിപ്രായം മുഴുവനും ഇപ്പോൾതന്നെ നടപ്പിൽ വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. ഈ രാജ്യത്തു് ധാരാളം ആളുകൾ ഭൂമിയില്ലാതെ വിഷമിക്കുന്നുണ്ടു്. കുറെയാളുകൾ രാജ്യത്തിൻെറ ഒരു വലിയ ഭാഗം കൈവശം വച്ചുകൊണ്ടിരിക്കുന്നു.

MR. P. K. KUNJU (*Ambalapuzha cum Shertala*): ഇപ്രകാരം കൈവശംവച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ സമുദായംവകയാണോ അതോ അവ സർക്കാർവകയാണോ?

MR. P. S. MOHAMED : ഇവിടത്തെ ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു് ഭൂരിപക്ഷം അഭിപ്രായവും രേഖപ്പെടുത്തിക്കഴിഞ്ഞു. ഇതിനുമുമ്പൊരിക്കലും സ്വീകരിച്ചിട്ടില്ലാത്ത രീതിയിലുള്ള ഒരു നയമാണു് ഈ സഭ ഇതു സംബന്ധിച്ചു് സ്വീകരിച്ചിരിക്കുന്നതു്. ഇതിൻെറ ആവശ്യകത മനസ്സിലാക്കി ഇതു ന്യായമാണെന്നു തോന്നി ഇപ്രകാരമുള്ള ഒരു നയം രാജ്യത്തിൻെറ ക്ഷേമത്തിനു് അത്യാവശ്യമാണെന്നു കരുതിയാണു് ഇപ്രകാരം ചെയ്തിട്ടുള്ളതു്. കുറെയാളുകൾ ഇവിടെയുള്ള ഭൂമി മുഴുവൻ പതിച്ചു കൈവശം വച്ചുകൊണ്ടിരിക്കുവാൻ പാടില്ല എന്നുള്ള ബോദ്ധ്യം വന്നില്ലെങ്കിൽ ഇങ്ങിനെ ഒരു നയം സ്വീകരിക്കുന്നതിനു ഗവണ്മെൻറു് അനുവദിക്കുകയില്ലായിരുന്നു. ഈ ഹൗസ് ഇന്നലെ ഈ തത്വം സ്വീകരിച്ചിരിക്കുന്നതുതന്നെ ഈ രാജ്യത്തിലെ സ്വത്തിനെ സംബന്ധിച്ചു് ഒരു പ്രത്യേകനയം സ്വീകരിച്ചു് ഭൂരിപക്ഷം ജനങ്ങളുടേയും ഗുണത്തിനുവേണ്ടി ഒരു പദ്ധതി സൃഷ്ടിക്കണമെന്നുള്ളതുകൊണ്ടാണു്.

ഗവൺമെൻറിൻെറ കൈവശമിരിക്കുന്ന ഭൂമികളെ സംബന്ധിച്ചു മേലാലുള്ള നയം ഇതാണെന്നുവരുകിൽ—ഭൂമികൾ അമിതമായി കൈവശം വച്ചുകൊണ്ടിരിക്കുന്നതു മുഴുവൻ ഉടനടി കൊടുക്കണമെന്നല്ല പറയുന്നതു് —കൃഷി ചെയ്യാത്ത ഭൂമി ഭൂമിയുടമസ്ഥന്മാരുടെ കൈവശത്തുനിന്നും കൃഷി ചെയ്യാൻ സൗകര്യമുള്ളവർക്കു ഭൂമി കൊടുക്കണമെന്നു പറയുന്നതു പ്രയോഗത്തിൽ വരുത്തേണ്ട പ്രയാസമാണു്. ഇതിനുപുറമെ ഗവൺമെൻറിൽനിന്നുതന്നെ ഇന്നത്തെ ക്ഷേമസാധനങ്ങളുടെ ദൗർലഭ്യത്തെ അടിസ്ഥാനപ്പെടുത്തി ഏതോ ചില നിശ്ചയങ്ങൾ ചെയ്തിട്ടുണ്ടു്. ഇതു മിക്കവാറും നടപ്പിൽ വരുത്തുന്നതുതന്നെ പലർക്കും രുചിക്കാത്ത ഒരു സംഗതിയാണു്. ഇങ്ങിനെ ഇത്രയും പുരോഗമനപരമായ ഒരു മാർഗ്ഗത്തിലേക്കു ഗവൺമെൻറു പ്രവേശിച്ചിരിക്കുന്നതു് രാജ്യക്ഷേമത്തിനു നല്ലതാണെന്നും ഇനിയും ഒരു പടികൂടി കടന്നു പ്രവർത്തിക്കേണ്ട സന്ദർഭം ഇന്നല്ലെങ്കിൽ നാളെ വരുന്നതാണെന്നും ഇതിനുള്ള അടിസ്ഥാനക്കല്ലു് ഇപ്പോഴേ നാം ഇടേണ്ടതാണെന്നും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. T. T. KESAVAN SASTRI : സർ, ഞാനും ഈ ഉപക്ഷേപത്തിൻെറ തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു. ഭൂമിയില്ലാത്ത പാവപ്പെട്ട ആളുകളുടെ ദുരിതാവസ്ഥകളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പർ മി. കെ. ആർ. നാരായണൻ ഇവിടെ സവിസ്തരം പ്രതിപാദിക്കയുണ്ടായി. മഹാരാജാവു തിരുമനസ്സിലെ പ്രജാസഞ്ചയങ്ങളിൽ എത്രയോ ജനങ്ങൾ സ്വന്തമായി കുടിപാർക്കുന്നതിനോ, കൃഷി ചെയ്യുന്നതിനോ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനോ ഒരു സെൻറു ഭൂമി പോലുമില്ലാതെ ശ്വാസം മുട്ടുന്നുണ്ടെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു വിശ്വസിക്കുവാൻ വഴിയുണ്ടു്. സർ, ഈ സംഗതി തികച്ചും അവിതർക്കിതമായ ഒരു വാസ്തവം മാത്രമാണു്. ധനാഢ്യന്മാരായ ആളുകൾ എത്രമാത്രം ഭൂമിയുടമസ്ഥരായിരുന്നാലും വീണ്ടും വീണ്ടും ഭൂമി സമ്പാദനവിഷയത്തിൽ അവർ ഓരോ സമയവും യത്നങ്ങൾ ചെയ്തുവരുന്നു എന്നുള്ള സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഭൂമിയില്ലാത്ത സാധുക്കൾ പരാശ്രിതരായി ഏതുരീതിയിലാണു് പാവങ്ങൾ അവരുടെ ജീവസന്ധാരണം നടത്തുന്നതു് എന്നു ഒന്നു് ആലോചിക്കേണ്ടതാണു്. ഭൂരിപക്ഷവും ഗൃഹസ്ഥന്മാരെ ആശ്രയിച്ചാണു അവരുടെ ജീവിതം ഒരു തരത്തിൽ

[Mr. T. T. Kesavan Sastri].

നയിച്ചുപോരുന്നത്. ഈ രാജ്യത്തിലെ ഭൂമിയുടമസ്ഥരായ പ്രബലസമുദായങ്ങളുടെ ഇടയിൽ ആളോഹരിയും പിൻതുടർച്ചാവകാശവും മററും മുറയ്ക്കു വന്നതോടുകൂടി പലയിടങ്ങളിലും ഭൂമിയുടമസ്ഥന്മാർക്കുപോലും ഭൂമി ഇല്ലാതെ വന്ന ഒരു അവസ്ഥയിൽ കുടികിടക്കാരായി ഗൃഹസ്ഥരെ ആശ്രയിച്ച് ജീവിതം നയിച്ചുപോന്ന അനേകായിരം സാധുക്കൾ ഇന്ന് കുടികിടപ്പുകളിൽനിന്നും നിഷ്കരുണം ബഹിഷ്കൃതരായിട്ടുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിൻറെ അടിയന്തര ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. CHAZIKATU JOSEPH : ഗവണ്മെൻറു ഭൂമിയിൽ താമസിച്ചു വന്നിരുന്ന അനേകം ആളുകളെ അതിൽനിന്നും ഇറക്കിവിട്ടതായി അറിയാമോ?

MR. T. T. KESAVAN SASTRI : എനിക്കു അറിഞ്ഞുകൂടാ.

MR. CHAZIKATU JOSEPH : കൃഷിക്കു ഉപയോഗമുള്ള ഭൂമി കൃഷി ചെയ്യാതെ കൈവശം വച്ചുകൊണ്ടിരിക്കുന്നതു ഒരു കുററമാണെങ്കിൽ ഏററവും വലിയ കുററം ചെയ്യുന്നതു ഗവണ്മെൻറാണെന്നറിയാമോ?

MR. T. T. KESAVAN SASTRI : അറിഞ്ഞുകൂടാ. കൃഷിനടത്താതെ സാധുക്കളായ ജനങ്ങളോടു നിർദാക്ഷിണ്യം പെരുമാറുന്ന ഭൂമിയുടമസ്ഥന്മാരാണ് ഇതിൽ കുററക്കാർ എങ്കിൽ അവരാണ് ശിക്ഷാർഹരെന്നാണ് ഞാൻ പറയുന്നത്.

ഭൂമി കൈവശം വച്ചുകൊണ്ട് പഴുനിലമിട്ടും, അല്ലാതെയും കൃഷി ചെയ്യാതെ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആളുകളത്രേ അവർ. ആരായിരുന്നാലും അവർ നിർദാക്ഷിണ്യം കുററാർഹരാണെന്നാണ് എൻറെ അഭിപ്രായം. സർ, ബഹുമാനപ്പെട്ട ഗവണ്മെൻറു വളരെക്കാലമായി ഈ രാജ്യത്തെ പിന്നോക്കസമുദായക്കാരായ സാധുജനവിഭാഗങ്ങളെ കാരുണ്യപൂർവം സഹായിച്ചുപോരുന്നു എന്നുള്ള കാര്യം ഈ അവസരത്തിലും എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. P. M. VARGHESE : ഗവണ്മെൻറിൻറെ കയ്യിൽ കൃഷിചെയ്യാത്ത ഭൂമി എത്രയുണ്ടെന്നു പറയാമോ?

MR. T. T. KESAVAN SASTRI : എനിക്കു അറിഞ്ഞുകൂടാ. നോക്കി പറയാം. ഗവണ്മെൻറിൻറെ കയ്യിൽനിന്നും പലവിധത്തിലും ഭൂമി സമ്പാദിച്ചു കൃഷിചെയ്യാതെ വെറുതെ തരിശായി ഇട്ടിരിക്കുന്നതിനാലാണ് എനിക്കു ആശ്ചര്യം തോന്നുന്നത്. ഈ രാജ്യത്തെ ഭൂമിയില്ലാത്ത അനേകായിരം

ജനങ്ങളുടെ കാര്യത്തിനായിട്ടാണ് ഗവൺമെൻറ് കാരുണ്യപൂർവം വേണ്ടതു ചെയ്യേണ്ടതു്. ഇവിടെ ചിലയാളുകൾ ന്യായവാദത്തിനു വേണ്ടിയും, മററുചിലർ ചൊല്ലു ഉത്തരവാദിത്വ ഭരണത്തിനുവേണ്ടിയും ശ്രുതിപ്പെടുന്നു. എന്നാൽ കേവലം ജീവിതസൗകര്യങ്ങളില്ലാതെയും ആഹാരസാധനങ്ങളില്ലാതെയും പരവശരായി ഗവൺമെൻറിന്റെ ദയാപൂർവമുള്ള സഹായസഹകരണങ്ങളെമാത്രം അവലംബിച്ചു ജീവിച്ചു പോരുന്ന ഇവിടത്തെ ഒരു വലിച്ച ജനതതിയുടെ കാര്യം ഇവർ ഒട്ടും അന്വേഷിക്കുന്നതേയില്ല. സർ, ഗവൺമെൻറ് ഭൂമി പതിവു വിഷയത്തിൽ ചെയ്തുപോരുന്ന പ്രത്യേകനയത്തിൽ ഈ സഭ ദീർഘദൃഷ്ടിയോടുകൂടി ഏകാഭിപ്രായം രേഖപ്പെടുത്തി ഇന്നലെ പാസാക്കിയ പ്രമേയം മുൻനിറുത്തി വേണ്ടതുചെയ്യുണമെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു.

MR. BRAHMAPURAM P. YESUDIAN (Nominated) : ஸர், இந்தப்பிரமேயத்தை ஆதரித்து நானும் ஒன்றிரண்டு வார்த்தைகள் சொல்லவிரும்புகிறேன். சுமார் 25 வருஷங்களுக்குமுன்னால் பஞ்சத்தாலும், பட்டினியாலும், குடியிருக்கவீடில்லாமல் பல விதங்களிலும் கஷ்டநஷ்டப்பட்டுக்கொண்டிருக்கும் ஏழைகளாகிய தாழ்ந்த வகுப்பினருக்கு அவர்களுடைய சொந்த உபயோகத்திற்கு ஒவ்வொருவருக்கும் பத்து ஸெண்டு ஸ்தலமாவது கொடுக்கவேண்டுமென்றும், அவர்களும் இந்த நாட்டிற்குரியவர்கள்-இந்நாட்டை சம்பந்தப்படுத்தினவர்கள்-இந்நாட்டினருக்கு அல்லும்பகலும் உழைத்து உண்வளிப்பவர்கள்-அவர்களும் இந்நாட்டிற்கு வரிகொடுப்பவர்கள் என்றும் இந்த நல்லஉத்தேசத்துடன் திவான்பஹதூர் T. ராகவய்யா அவர்கள் ஒரு சட்டம் போட்டிருக்கிறார்கள். இன்னும் L. R. No. 1464 of 30th September 1941 ஆர்டர் பிரகாரம், தாழ்ந்தவகுப்பைச் சார்ந்த ஒவ்வொரு குடும்பத்திற்கும் மூன்று ஏக்கர் ஸ்தலம் கொடுக்கவேண்டுமென்றுமிருக்கிறது. 1938-1939-ல் கூடிய Depressed Class Advisory Committee meeting-ல் Revenue Commissioner ம் கூடியிருக்கும்போது இவைகளை அவர்களிடம் தெரிவிக்கப்பட்டு, எங்களுக்கு உடனடி மேற்படி ஆர்டர்கள் பிரகாரம் பூமிகள் பதிவு செய்து தரவேண்டுமென்றும் கேட்டுக் கொள்ளப்பட்டது. எதுவும் இதுவரையில் நடப்பிற்கு வந்ததாகக் காணப்படவில்லை. இன்றைக்கும் குடியிருக்க வீடில்லாமலிருக்கும் ஏழை ஜனங்களின் கஷ்டங்களை யாராலும் சகிக்கமுடியாது. பணக்காரர்கள் நூற்றுக்கணக்கான ஏக்கர் பூமிகளை தங்கள் கைவசம் வைத்துக் கொண்டு, தாங்களும் அனுபவிக்காமல் மற்றவர்களையும் அனுபவிக்கவிடாமல் வைத்துக் கொண்டிருப்பதைப்பற்றி இன்று இங்கு வாதப்பிரதிவாதங்கள் செய்யப்பட்டது. ஸர், இந்நாட்டில் ஏழைகளாகிய தாழ்ந்தவகுப்பினர் அங்கங்கே காடுமேடுகளுக்குள்ளும், பள்ளங்களிலும் சென்று நிலத்தைப் பண்படுத்தி, வெட்டி திருத்தம் செய்து, 10, 12 வருஷங்களாக இருந்து அவைகளைத் தங்கள் கைவசம் வைத்து அனுபவித்துவரும் அனுபவதாரர்களை வெளியில் தள்ளி, மற்றவர்களுக்கு பதிக்குக் கொடுப்பது என்பது மிக

[Mr. Brahmapuram P. Yesudian]

கப்பரிதாபகரமான காரியம். ஸர், அநேகம் ஆயிரம் ஏழைஜனங்கள் தங்கள் தங்கள் அனுபோகத்திலிருந்த நிலங்களை இழக்க நேர்ந்தது. மேலும் ஏழைகளுக்கென்று ஒதுக்கிவைத்திருந்த அநேகம் ஏக்கர் பூமிகளை மற்றவகுப்பினர்களுக்குப் பதித்து கொடுத்து விட்டார்கள். ஸர், என்னுடைய தாழ்மையான அபேக்ஷை என்னவென்றால் 1921-ம் வருஷம் செப்டம்பர்மாதத்திற்குப் பிறகு ஏழைகளுக்கென்று ஒதுக்கிவைத்திருந்த இடங்களை மற்றவர்களுக்குப் பதித்துக் கொடுத்திருந்தால் அவைகளைக் கண்டுபிடித்து, அந்த பூமிகளை ஏழைகளுக்கு பதித்துக் கொடுக்கவும், இன்னும் தாழ்ந்த வகுப்பினர் குடியேறி தேகண்ணம் செய்திருக்கும் ஸ்தலங்களை அவர்களுக்கே பதித்துக் கொடுக்க வேண்டிய ஒழுங்கு நடவடிக்கை எடுக்கவேண்டியது என்பது. தங்கள் பேரில் பதித்துக் கொண்ட பெரிய நிலட்டமஸ்தர்களாவது, தேகண்ணம் செய்த இந்த ஏழைகளுக்கு. ஒன்றிரண்டு செண்டுஸ்தலம் கொடுத்தார்களா? அதுவுமில்லை. ஆனால் சில புண்ணியவான்கள் இந்த ஏழைகளைக் குடியிருக்க சம்மதித்திருக்கிறார்கள். இப்படியிருப்பவர்கள் தங்கள் எஜமானர்களிடம் கட்டளைகளுக்குக் கீழ்ப்படிந்து நடக்கவேண்டும். அப்படி கீழ்படியாவிட்டால், 'என் புறையிடத்தைவிட்டு வெளியே போ' என்று சொல்லிவிடுகிறார்கள். 'போகாவிட்டால் உன் வீட்டைத் தீயிட்டுக் கொளுத்திவிடுவேன்' என்கிறார்கள். இல்லாமல் போனால் அவர்கள்பேரில் கிரிமனல் கேஸ் தொடருகிறார்கள். இப்படிப்பட்ட பலவிதமான துன்பங்களுக்குள்ளாகிறார்கள். இதைப்பற்றி எனக்கு அநேகம் அர்ஜிகள் வந்திருக்கின்றன. இன்று காலையில் கூட ஒரு அர்ஜி வந்திருக்கிறது. அதனால் கவர்மெண்டார் தயவு செய்து இனியும் காலதாமதமின்றி ஏழைமக்களாகிய தாழ்ந்த வகுப்பினருக்கு ஒன்றிரண்டு செண்டு ஸ்தலமாவது கொடுக்கவேண்டுமென்று கேட்டுக் கொள்கிறேன். ஸர், தாழ்ந்த வகுப்பைச் சார்ந்த ஒவ்வொரு குடும்பத்திற்கும் மூன்று ஏக்கர் ஸ்தலம் விலையில்லாமல் கொடுக்கவேண்டுமென்று இருபது வருஷங்களுக்கு முன்னால் ஒரு ஆர்டர் இருந்தது. அதையும் உடனடி அமுலுக்குக் கொண்டுவரக் கேட்டுக் கொள்கிறேன். பெரிய பெரிய காடுகளிலும், மலைகளிலும் இந்த ஏழை ஜனங்கள் சென்று கிருஷிக்குள்ள நல்ல நிலங்களைக் கண்டுபிடித்து, கடுவாய், புலி முதலிய துஷ்டமிருகங்களுடன் போராடி அவைகளை விரட்டி, பூமியைப் பண்படுத்தி விருக்ஷங்களைப் பிடிப்பித்து, தங்களது கஷ்ட நஷ்டங்களுக்குப் பலனை ரிஜிஸ்தர் செய்ய கேட்டபோது, சட்டம் பிறந்தது. ஸர்; இந்தச் சட்டம் யாரைப்பாதித்தது? ஏழைமக்களாகிய தாழ்ந்த வகுப்பைச் சார்ந்த சாம்பவர்களை. இது ரொம்ப சங்கடமான காரியம். ஸர், 10, 15 வருஷங்களாக தங்கள் கைவசம் வைத்திருக்கும் ஏழை ஜனங்களாகிய தாழ்ந்த வகுப்பினர்களுக்கே அந்த ஸ்தலங்களை பதித்துக் கொடுக்கக் கேட்டுக் கொள்கிறேன். அவர்களுக்கு பூமிக்கு பூராபணமும் கொடுக்கமுடியாது. அவர்கள் பரம ஏழைகள். பாதிவிலையை கவர்மெண்டார் சகித்துக் கொண்டு, மீதி பாதி விலையை பல தவணைகளாக அவர்களிடமிருந்து வசூலிக்கக் கேட்டுக் கொள்கிறேன். ஏழை ஜனங்களுக்கு நிலங்கள் பதித்துக் கொடுக்கவேண்டுமென்று இருந்தும், இதுவரை றெவினியூகமிஷணரோ, பேஷ்கார்களோ, தகசில்தார்களோ யாதொன்றும் செய்யவில்லை என்பதை இந்த சபையில் சத்தியம் செய்துகொள்கிறேன். ஆதலால் ஏழைஜனங்களாகிய தாழ்ந்த வகுப்பினரை கவர்மெண்டார் தான் காப்பாற்றவேண்டுமென்று கேட்டுக் கொள்கிறேன்.

MR. T. K. NARAYANA PILLAI: While I agree with the broad principles that have been enunciated before this House, it is difficult to accept the proposition as it has been put. What exactly is the proposition? It is this. Certain lands have been registered and certain persons have taken absolute ownership of such lands. The property which now vests in them must be divested. That means there must be expropriatory legislation. By no executive measure can the land be taken away unless by the application of the Defence Rules for a temporary period.

PRESIDENT: Even then proprietorship will not vest or divest. Under the Defence of Travancore Rules, it is a method of management of the estate and not an expropriatory measure in the sense that property passes away.

MR. T. K. NARAYANA PILLAI: I only meant that for a temporary period the possession may be taken away by applying the Defence of Travancore Rules. Excepting that, there is no provision under law by which divesting can be effected unless by the provisions contained in the Land Acquisition Act. As such, my submission is that the proposition put forward, as it is, is not a practical measure and cannot be supported. But the broad principles enunciated, as I understand them are these: A good deal of land remains uncultivated. A good deal of land is in the possession of absentee landowners. As the matter now stands and as years pass, the ownership of land passes from the hands of the actual cultivator to absentee landowners. That is the position in almost every part of the country, and this in the long run must work not only hardship but be detrimental to the welfare of the country. As such it is necessary that appropriate legislation must be passed in order to mitigate the evils of absentee landlordism. That the legislation which began in 1100 in respect of the interests, has worked great hardship, there can be little doubt. By the Interests Act of 1010 there was a limit to the interest that could be charged against agricultural holdings and as a matter of fact in any suit. As it is, from the date of filing the suit up to the date of decree, interest can accrue to any amount. Originally, half the principal only could be realised. By the present Civil Procedure Code, (Section 31), that provision has been taken away. Now, any amount of interest can be charged upon agricultural amount with the result that the agriculturist's land is sold away and the actual cultivator is now deprived of the possession of land in most parts of the country. This means that the actual cultivator gets but little benefit out of his work and the real benefit goes to the absentee landlords. There are parts of India, especially in Deccan, where there is legislation in order to mitigate the evils of absentee landlordism. It would be wisdom, and I would request the Government to consider this question whether legislation is not possible, to mitigate the evils of absentee landlordism. Otherwise the position to the actual cultivator will become more and more difficult as years pass. The recent fluctuations in the price of commodities and the

[Mr. T. K. Narayana Pillai.]

inflationary tendencies now prevailing have brought about worse conditions than previously. There is an economic disequilibrium so much so the land is now more rapidly passing into the hands of absentee landlords than before.

My submission therefore is that this proposition may be rejected and Government may consider the possibility of enacting a proper legislation to mitigate the evils of absentee landlordism at an early date.

MR. P. C. ADICHAN : സർ, ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു അനുകൂലിച്ചുകൊണ്ട് ഒന്നു രണ്ടു സംഗതികൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അനേകായിരം ഏക്കർ ഭൂമി കൈവശപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആളുകളിൽനിന്ന് മി. കെ. ആർ. നാരായണൻ പറഞ്ഞതുപോലെ ൨൦ കൊല്ലങ്ങൾ കഴിച്ച് ബാക്കിയുള്ളവ തിരിച്ചുകൊടുക്കണമെന്നുള്ള അഭിപ്രായത്തോടു മാത്രം ഞാൻ പ്രതികൂലിക്കയാണ് ചെയ്യുന്നത്. അതു് അത്ര പ്രായോഗികം അല്ലാത്ത സംഗതി ആയതുകൊണ്ടു മാത്രമാണ് പ്രതികൂലിക്കുന്നുവെന്നു പറഞ്ഞതു്. ധാരാളം ഭൂമി കൈവശമുള്ള ആളുകളുടെ സ്ഥലങ്ങളിൽ അവരുടെ ജോലിക്കാരായിട്ടുള്ള സാധുക്കൾ അനവധി താമസിക്കുന്നുണ്ട്. അവരെ അവിടെനിന്ന് ഇറക്കാതെ അവർക്കു താമസിക്കാൻ സ്ഥലം കൊടുക്കുകയാണെങ്കിൽ അപ്രകാരം അനേകായിരം ആളുകൾക്കു താമസിക്കാൻ സ്ഥലംകിട്ടുന്നതാണ്. ൨൦ കൊല്ലങ്ങൾ കഴിച്ച് ബാക്കിയുള്ള ഭൂമി തിരിച്ചുകൊടുക്കുന്നതിൽ ഭേദം എന്ന് ഞാൻ വിനീതമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. അതിനാൽ ധാരാളം സ്ഥലം കൈവശമുള്ള ആളുകളുടെ പുരയിടങ്ങളിൽ താമസിക്കുന്ന പാവങ്ങളെ ഇറക്കിവിടാതെ, ആ സ്ഥലം അവർക്കുതന്നെ കിട്ടത്തക്കവണ്ണം ഒരു നിയമം ഗവണ്മെന്റിൽ നിന്നും ഉണ്ടാകണം. മറ്റൊരു സംഗതി അവശസമുദായങ്ങൾക്ക് സ്ഥലം പതിച്ച് കൊടുക്കുന്നതിനു മാത്രമല്ല മറ്റു പല കാര്യങ്ങളിലും സൗജന്യം ചെയ്തുകൊടുക്കുന്നു എന്നുള്ള സംഗതി കൃതജ്ഞതയോടുകൂടി സ്മരിക്കുന്നു. എന്നാൽ ചില പ്രത്യേക സംഗതികൾ അങ്ങയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു ആഗ്രഹിക്കുന്നു. ഒരു വലിയ വിഷമപ്രശ്നമായിട്ടാണ് അവശസമുദായ ഡിപ്പാർട്ടുമെന്റും ഗവണ്മെന്റും. അവശസമുദായങ്ങൾ അല്ലാത്തവരെ ചേർത്തു അവശസമുദായ പട്ടിക ഉണ്ടാക്കുകയും, അതനുസരിച്ചു സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്ന് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കുറെ വർഷങ്ങൾക്കു മുൻപ് ചന്തയിൽ പോയി കാളയേയും പോത്തി

ടനെയും വാങ്ങിച്ച് വിൽക്കുന്ന രീതിയിലായിരുന്ന് ചില സമുദായങ്ങളിൽ നിന്ന് ആളുകളെ വിൽക്കുകയും വാങ്ങുകയും ചെയ്തുവന്നത്. ഒരു യജമാനൻ വാങ്ങുന്ന ഒരാൾ ഇന്ന സമയംവരെ ഇന്നേടത്തു താമസിക്കണമെന്ന് ഒരു ക്ലിപ്തവുമില്ല. അഞ്ചോ ആറോ വർഷം കഴിയുമ്പോൾ ചിലപ്പോൾ ഉടനെതന്നെ നാലോ അഞ്ചോ രൂപാ വിലകൂട്ടി മറ്റൊരു ആളുകൾ വാങ്ങിച്ചുകൊണ്ടുപോകുകയാണ് പതിവ്. ഇപ്രകാരം കന്നുകാലികൾക്ക് സമമായി ജീവിച്ചിരുന്ന സമുദായങ്ങൾ മാത്രമാണ് അവശസമുദായപട്ടികയിൽ ഉൾപ്പെടേണ്ടത്. ആദ്യകാലം അവശത അനുഭവിച്ചിരുന്നത് പറയർ, പുലയർ, കുറവർ ഈ മൂന്ന് സമുദായങ്ങൾ മാത്രമാണ്. യജമാനന്മാരുടെ വീടുകളിൽ ചാമ്പൽ കൂട്ടിയിട്ടിരുന്നതായ ചാമ്പൽ പുരകളിലാണ് ഇവർ താമസിച്ചിരുന്നത്. ഇവർക്ക് ക്ഷേത്രങ്ങളിലോ, പള്ളിക്കൂടങ്ങളിലോ പ്രവേശിക്കുന്നതിന് ഒരു സൗകര്യവും ഇല്ലായിരുന്നു. അവർ വളരെ നികൃഷ്ടമായ രീതിയിലാണ് കഴിഞ്ഞുകൂടിയിരുന്നത്.

Mr. P. K. KUMARAN (*Nominated*) : അവശസമുദായപട്ടികയിൽ ഏതെല്ലാം ജാതിക്കാർ ഉൾപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

Mr. P. C. ADICHAN : മെമ്പർക്ക് ഈ വിവരം അറിയാതെ ഇവിടെ വരികയില്ല എന്ന് വിശ്വസിച്ചുകൊണ്ട് അതിന് ഞാൻ സമാധാനം പറയുന്നില്ല. അതിനാൽ ഈ ആളുകൾക്ക് സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ പ്രത്യേക സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്നുള്ളതാണ് എനിക്കു പറയാനുള്ളത്. ഇന്നിരിക്കുന്നതായ ആളുകളുടെ പൂർവികന്മാരും ഗവണ്മെന്റും ഞങ്ങളെ സംബന്ധിച്ചു ഒരേ രീതിയിലും കരയിലും താഴ്ചയിലും അന്ന് ഞങ്ങളെ മനുഷ്യരായി കരുതിയിരുന്നില്ല. എന്നാൽ ഇന്ന് ഞങ്ങളെ മനുഷ്യരായി കരുതുന്നു. ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ അനുവാദം തന്നു. പള്ളിക്കൂടങ്ങളിൽ പ്രവേശിപ്പിച്ചുതുടങ്ങി. മൃഗീയമായ രീതിയിൽ ഞങ്ങളെ കരുതിയിരുന്ന കാലം മാറിയിരുന്നു. ഇന്ന ഗവണ്മെന്റിൽ നിന്നു കണക്കുകൊണ്ട് കാണിക്കുന്ന സ്ഥലങ്ങൾ ഞങ്ങൾക്ക് തിരിച്ചുവച്ചത്. ഇന്ന ഞങ്ങളെ മനുഷ്യരായി കരുതുമ്പോൾ മനുഷ്യർക്ക് ജീവിക്കുവാൻ കൊള്ളാവുന്ന സ്ഥലങ്ങൾ പതിച്ചുതരേണ്ടതാണ്. അല്ലാതെ ഞങ്ങളെയെല്ലാം വല്ലെ മറ്റൊരും ചെയ്യുവാൻ കാണുകയില്ല എന്നുള്ളതാണ് എന്റെ വിശ്വാസം. തിരുവിതാംകൂറിന്റെ വടക്കെ അറ്റം മുതൽ തെക്കെ അറ്റംവരെ നോക്കുന്നതായാൽ ഈ സമുദായങ്ങൾക്ക് കൃഷി ചെയ്യാൻ യാതൊരു ഫലവും ഇല്ലാത്ത സ്ഥലങ്ങളല്ലാതെയില്ല. ഞങ്ങളെ

[Mr. P. C. Adichan.]

മനുഷ്യരായി കരുതിയിരിക്കുന്ന ഈ അവസരത്തിൽ രണ്ടോ, മൂന്നോ ഏക്കർ ഭൂമിവീതമെങ്കിലും മനുഷ്യർക്കു പ്രയോജനപ്പെടുന്നതു് നൽകുന്നതിനു അവിടുത്തെ ദയാദൃഷ്ടി ഉണ്ടാകണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

സർ, മറെറാരു കാര്യംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. യുദ്ധസേവനത്തിനായി പോയിട്ടുള്ള പട്ടാളക്കാർക്കു പതിച്ചു കൊടുക്കുന്നതിനു സ്ഥലം ഒഴിച്ചുവച്ചിരിക്കുന്നതായി കേൾക്കുന്നതു് ഏററവും നന്ദിപൂർവം സ്മരിക്കുന്നു. എന്നാൽ ഇപ്പോൾ മൂന്നോ, നാലോ, അഞ്ചോ കൊല്ലങ്ങൾകൊണ്ടു് ഉണ്ടായതായ യുദ്ധത്തിനു് പോയിട്ടുള്ളവർക്കുവേണ്ടിയാണു് ഈ സ്ഥലങ്ങൾ നീക്കിവച്ചിരിക്കുന്നതു്. സർ, അനേകായിരം കൊല്ലങ്ങൾക്കു മുമ്പു മുതൽ ഈ രാജ്യത്തിനുവേണ്ടി ഈ രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമൈശ്വര്യത്തിനു വേണ്ടി ഭൂമിയോടു യുദ്ധം ചെയ്യുന്ന ആളുകൾക്കു് വേണ്ട സ്ഥലം പതിച്ചു കൊടുക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. സർ, ഇപ്പോൾ യുദ്ധത്തിനു എത്ര സ്ത്രീകൾ ഈ രാജ്യത്തുനിന്നു് പോയിട്ടുണ്ടു് എന്നു ഞാൻ ചോദിക്കുന്നു. എന്നാൽ എത്ര എത്ര സ്ത്രീകളാണു് ഭൂമിയോടു യുദ്ധം ചെയ്യുന്നതു്. പാവപ്പെട്ട സ്ത്രീകൾ പ്രസവിക്കുന്നതിനു തലേദിവസംവരെ രാജ്യത്തിനുവേണ്ടി ഭൂമിയോടു യുദ്ധം ചെയ്തു ജീവിക്കുന്ന ഈ അവശസമുദായങ്ങളെ മനുഷ്യരായി കരുതിയിരിക്കുന്ന ഈ അവസരത്തിൽ അവരുടെ താമസത്തിനുവേണ്ടിയെങ്കിലും ഭൂമി പതിച്ചുകൊടുക്കേണ്ടതു് അത്യാവശ്യമാണെന്നു് ഞാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. P. K. KUMARAN: സർ, എന്റെ ബഹുമാന്യസ്നേഹിതനായ മി. കെ. ആർ. നാരായണൻ അവർകൾ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തോടു ഞാൻ ഏററവും അനുകൂലിക്കുന്നു. തിരുവിതാംകൂറിലെ പ്രബലസമുദായങ്ങളുടെ കയ്യിലിരിക്കുന്ന ഭൂമികൾ അവരുടെ ആവശ്യങ്ങൾക്കു ൧൦ ഏക്കർ കൊടുത്തിട്ടു ബാക്കി തിരിച്ചെടുത്തു മററുള്ള സാധുജനവിഭാഗങ്ങൾക്കു വീതിച്ചുകൊടുക്കണമെന്നുള്ള അഭിപ്രായം ഏററവും നല്ലതുതന്നെയാണു്. ഈ രാജ്യത്തിൽ അവശസമുദായങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന ഏതാനും പട്ടികയിൽപെട്ട ജാതിക്കാർ കുടിക്കുവാൻ കഞ്ഞിയില്ലാതെയും, ഉടുക്കുവാൻ വസ്ത്രമില്ലാതെയും, കിടക്കുവാൻ ഭൂമിയില്ലാതെയും അന്ധകാരത്തിന്റെ അടിത്തട്ടിൽ കിടന്നു സങ്കടമനുഭവിക്കുന്ന ഇക്കാലത്തു തിരുവിതാംകൂർ ഗവൺമെൻറിന്റെ കാരുണ്യാതിരേകത്താൽ മററുള്ളവരോടൊപ്പം ഇവരും മനുഷ്യസമുദായത്തിൽ ഉൾപ്പെ

ട്ടിരിക്കുന്നവരാണെന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തി തിരുവിതാംകൂറിൽ അതായത്, ഉദാഹരണമായി പറയുന്നപക്ഷം ൧൧൧൨-ൽ കുത്തകപ്പാട്ടവ്യവസ്ഥയിൽ ഭൂമി പതിച്ചുകൊടുത്ത അവസരത്തിൽ അവശസമുദായങ്ങൾക്ക് പ്രത്യേകം ഭൂമികൾ ലേലംചെയ്തുകൊടുത്തു എന്നുള്ളതും പ്രസ്താവ്യമത്രെ. തിരിച്ചുവച്ച ഭൂമി പത്തും, ഇരുപതും കൊല്ലം ആ സ്ഥലങ്ങൾ കൈവശം വച്ചിരുന്നവർ യാതൊരു കൃഷികളും ചെയ്യാതെ അതേ രീതിയിൽത്തന്നെ വച്ചുകൊണ്ടിരുന്ന ഭൂമികൾക്ക ഗവൺമെൻറു നിരക്കിൽ കൂടുതൽ പാട്ടം ചുമത്തി ഈ സാധുക്കൾക്കു പതിച്ചുകൊടുക്കാമെന്നാണ് തീരുമാനിച്ചത്. ഇങ്ങനെയുള്ള ഈ സന്ദർഭത്തിൽ ആവശ്യമില്ലാതെ ഭൂമി സമ്പാദിച്ചു വെറുതെ കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽ നിന്ന് നിർബ്ബന്ധമായിട്ടും ആ ഭൂമികൾ തിരികെ എടുക്കണമെന്നുതന്നെയാണ് എന്റെ വിനീതമായ അഭിപ്രായം. അതു കൊടുക്കുകയില്ല, എടുക്കുകയില്ല എന്നു പറയുന്നതു മററുള്ളവരോടു സ്നേഹം പ്രകടിപ്പിക്കുന്നതല്ലെന്നു മാത്രമല്ല അവരോടു ചെയ്യുന്ന അപരാധംകൂടി ആയിരിക്കും. ഇവിടത്തെ ഭരണസാരഥ്യം കയ്യേററു സ്തുത്യർഹമായ വിധത്തിൽ പ്രജാപരിപാലനം ചെയ്യുന്ന അങ്ങയുടെ ഭരണകാലത്തു അവശസമുദായങ്ങളുടെ ഭൂമി പതിവിനെ സംബന്ധിച്ചു പ്രത്യേകമൊരു തീരുമാനമുണ്ടാകുന്നതു ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏററവും അത്യാവശ്യമായിട്ടുള്ള ഒന്നാണ്. എന്തുകൊണ്ട് ഇതിനൊരു പ്രത്യേകനിയമം ഉണ്ടാക്കിക്കൂടാ എന്നു ഞാൻ ചോദിക്കുന്നു. ഇക്കാര്യത്തിൽ അങ്ങയുടെ ദയാദൃഷ്ടി പ്രത്യേകം പതിയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്നലത്തെ തീരുമാനത്തോടു യോജിച്ചും, മി. കെ. ആർ. നാരായണന്റെ പ്രമേയത്തോടനുകൂലിച്ചും സാധുക്കളായ ജനവിഭാഗങ്ങൾക്ക വേണ്ടിയുള്ള ഒരു പൊതു തീരുമാനം മററുള്ളവരോടൊപ്പം ഞങ്ങൾക്കും ഈ നാട്ടിൽ ജീവിക്കുവാൻ മാർഗ്ഗം നൽകത്തക്കവണ്ണം ഉണ്ടായിക്കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. P. K. KUNJU: സർ, പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വം സ്വീകാര്യമാണ്. പക്ഷേ അതു വെളിവാക്കുന്ന നിർദ്ദേശങ്ങൾ അസ്വീകാര്യങ്ങളുമാണ്. ഇന്നലെ ഈ സഭയുടെ തീരുമാനത്തിനു വിധേയമായ ഉപക്ഷേപത്തിൽ അടങ്ങിയിട്ടുള്ള തത്വത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചില മെമ്പറന്മാർ പ്രസ്താവിക്കുകയുണ്ടായി. ഇന്നലത്തെ ആ തീരുമാനവും ഇന്നത്തെ ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വവുമായി സാരമായ വ്യത്യാസമുണ്ട്. ഇന്നലത്തെ തീരുമാനം

[Mr. P. K. Kunju.]

ഗവൺമെൻറു വക സ്ഥലങ്ങളിൽ ഉടമസ്ഥാവകാശം ഇല്ലാത്തവർ അനാവശ്യമായി പ്രവേശിച്ചു അമിതമായ ലാഭം ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സന്ദർഭോചിതം കൈവശപ്പെടുത്തി അനുഭവിച്ചുവന്നതിനെ അവർക്കു സ്വായത്തം ആക്കണമെന്നുള്ളതിനെ പരിഗണിച്ചു പതിച്ചു കൊടുക്കണമോ വേണ്ടയോ എന്നുള്ളതായിരുന്നു. പാരമ്പര്യമായി ഉടമസ്ഥാവകാശത്തോടുകൂടി സർക്കാരിലേക്കു കരവും കൊടുത്തു് അധ്വാനം ചെയ്തു കുററിയും കാടും തെളിച്ചു്, കുന്നും കുഴിയും നികത്തി സ്വന്തമാക്കിയിരിക്കുന്ന ഭൂമികൾ മററുള്ളവർക്കു് ലേലം ചെയ്തു കൊടുക്കണമെന്നുള്ളതാണു്. ഇതു തമ്മിൽ സാരമായ വ്യത്യാസമുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ രാജ്യത്തെ സകല ഭൂപ്രദേശവും ഗവൺമെൻറു ഏറ്റെടുക്കുകയും ജനങ്ങളുടെ ആവശ്യങ്ങളെല്ലാം സ്റേററു് നടത്തുകയും ചെയ്യത്തക്കവണ്ണം ഒരുപക്ഷം അവതരിപ്പിക്കപ്പെട്ടിരുന്നെങ്കിൽ അതിനെ അനുകൂലിക്കാൻ കൂടുതൽ സന്തോഷം ഉണ്ടായിരുന്നു. എന്നാൽ മി. കെ. ആർ. നാരായണൻ ആവശ്യപ്പെടുന്നതു ഉടമസ്ഥാവകാശം ഉള്ള ഭൂമികളിൽ ൧൦ ഏക്കർ മാത്രം ഉടമസ്ഥനു കൊടുക്കണമെന്നും ബാക്കിയുള്ളതു് വിലയ്ക്കു് തിരിച്ചെടുക്കണമെന്നുമാണു്. ഇതു നീതിക്കും തത്വത്തിനും വിരുദ്ധമാണു്. ഇങ്ങനെ ഒരു കൈമാററപ്പെടുത്തം ചെയ്യുന്നതിൻെറ ആവശ്യകത എന്താണെന്നും ഇതു് എന്തിനു് അസ്പഷ്ടമാക്കിയാണെന്നും ഞാൻ സംശയിക്കുന്നു. എന്തായാലും ബോദ്ധ്യം വിഷമമല്ലാ. ഈ രാജ്യത്തെ ജനസംഖ്യ അനുസരിച്ചു് ഓരോരുത്തർക്കും ൩.൭ സെൻറു ഭൂമിക്കു മാത്രമേ അവകാശമുള്ളൂ എന്നു് ആകെയുള്ള ജനസംഖ്യയും ഭൂവിസ്തീർണ്ണതയും വച്ചുകൊണ്ടു് പലരും പറഞ്ഞു എന്നുള്ളതും ഞാൻ തന്നെയും ഇവിടെ പ്രസ്താവിച്ചതായും ഓർമ്മിക്കുന്നു. കൂടുതൽ ഭൂമി കൈവശം ഉള്ളവർ യാതൊരു കൃഷിയും ചെയ്യാതെ നിഷ്പ്രയോജനമാക്കി കൈവശം വച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണു് ഈ ഉപക്ഷേപകനെ പ്രേരിപ്പിച്ച കാരണമെങ്കിൽ പരിഷ്ക്കരണ ചട്ടം അനുസരിച്ചു് ഗവൺമെൻറിനു തന്നെ അപ്രകാരമുള്ള ഭൂമികൾ എടുത്തു് ഏതെങ്കിലും മാനേജുമെൻറുകൾക്കോ ഏജൻസികൾക്കോ കൃഷിക്കായി ഏല്പിച്ചുകൊടുക്കുന്നതിനു് അധികാരമുണ്ടു്. ഇങ്ങനെയിരിക്കെ ആ നിയമം അവലംബിക്കാതെ ഉടമസ്ഥാവകാശത്തോടുകൂടി കൈവശം വച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ അവരിൽനിന്നും എടുത്തു് മററുള്ളവർക്കു കൊടുക്കണം എന്നു പറയുന്നതു് ശരിയാണെന്നു് എനിക്കു തോന്നുന്നില്ല.

MR. K. R. NARAYANAN: ൪൦ ലക്ഷത്തോളം ജനങ്ങൾ താമസിക്കാൻ പോലും ഭൂമി ഇല്ലാത്തവരായി ഇവിടെ ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

MR. P. K. KUNJU: ആളുകളുടെ എണ്ണവും ഭൂമിയുടെ അളവുംകൂടി പരിഗണിച്ച് എല്ലാവർക്കും തുല്യമായി ഭൂമി വീതിച്ച് കൊടുക്കുന്നതിന് അനുകൂലാഭിപ്രായമാണ് എനിക്കുള്ളത്. എന്നാൽ ഇതും അതും ആയി വളരെ വ്യത്യാസമുണ്ട്. ഭൂമി മാത്രമല്ല പണവും ധാരാളമായി ഉള്ളവരും ഉണ്ട്. അതും ഇപ്രകാരം വീതിച്ചുകൊടുക്കുന്നത് നന്നായിരിക്കും.

MR. K. R. NARAYANAN: സകലതും ഇപ്രകാരം വീതിച്ചുകൊടുക്കണമെന്നാണോ മെമ്പറുടെ അഭിപ്രായം?

MR. P. K. KUNJU: തുല്യവിതരണതത്വശാസ്ത്രമനുസരിച്ച് അവരവർക്ക് സ്വന്തമായി അവകാശമുള്ള ഭാര്യയും മക്കളും ഒഴിച്ച് മററു സകലതും വീതിച്ചുകൊടുക്കുന്നതിൽ എനിക്കു സന്തോഷമാണുള്ളത്.

MR. PULIYOOR T. P. VELAYUDHAN PILLAI: കെ. ഡി. എച്ച്. പി. കമ്പനിക്കാർക്ക് ആളോഹരിക്ക് എത്ര കിട്ടും എന്ന് പറയാമോ?

MR. P. K. KUNJU: അവർക്കു എത്ര ലഭിക്കാനർഹതയുണ്ടോ അത്രയും കൊടുക്കണം. ഈ നിലയിൽ നമ്മുടെ മുമ്പിൽ ഇരിക്കുന്ന ഈ പ്രശ്നം സ്വീകാര്യമാണെന്ന് എനിക്കു വിശ്വാസമില്ല. മി. കെ. ആർ. നാരായണൻ ഇങ്ങനെ ഒരു ആക്ഷേപം കൊണ്ടുവരുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച തത്വം സ്വീകാര്യമാണെന്നുള്ളത് അഭിമാനപൂർവ്വം സമ്മതിക്കുന്നു. എന്നാൽ അതിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാൻ സാദ്ധ്യമല്ല.

MR. CHAZHIKATTU JOSEPH: സർ, മി. കെ. ആർ. നാരായണനെപ്പോലെ വ്യ കൊല്ലങ്ങൾക്കുമേൽ നിയമസഭയിൽ പഴക്കമുള്ള ഒരു ബഹുമാന്യദേഹം അവതരിപ്പിച്ച പ്രമേയത്തിൽ അല്ലാ, ഉപക്ഷേപത്തിൽ എന്തെങ്കിലും കാര്യമായിട്ടുള്ള സംഗതി ഉണ്ടായിരിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി അതിൽ വളരെ ചുഴിഞ്ഞുനോക്കിയിട്ടും കാര്യമായിട്ടു യാതൊന്നും അതിൽ കാണാനില്ലാത്തതിനാൽ അതിനെ എതിർക്കാതിരിക്കുവാൻ നിവൃത്തിയില്ലെന്നു പറയേണ്ടിയിരിക്കുന്നു. മി. കെ. ആർ. നാരായണന്റെ ഈ പ്രമേയം ദൂരവ്യാപകമായിട്ടുള്ളതും, സ്ഥായിയായിട്ടുള്ളതുമായ ദോഷഫലങ്ങൾ ചെയ്യുന്നതുമാണെന്നാണ് എന്റെ അഭിപ്രായം.

MR. K. R. NARAYANAN : ആക്കു ദോഷം, ബഹുഭൂരിപക്ഷം ജനങ്ങൾക്കു ദോഷമാണെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

MR. CHAZHIKATTU JOSEPH : ന്യായമായവിധത്തിൽ ഭൂമിയിൽ അദ്ധ്വാനിക്കുന്നതിനു പുറപ്പെട്ടിട്ടുള്ളവക്കും മേലാൽ പുറപ്പെടുന്നവർക്കും ദോഷമാണെന്നാണ് എന്റെ അഭിപ്രായം. മി. കെ. ആർ. നാരായണൻ കൂടുതൽ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽ നിന്നു് ൫൦ ഏക്കർ ഭൂമി ഉടമസ്ഥന്മാർക്കു് വിട്ടുകൊടുത്തിട്ടു ബാക്കിയുള്ള സ്ഥലമെടുത്തു ഭൂമിയില്ലാത്തവർക്കു വീതിക്കണമെന്നു പറഞ്ഞ കൂട്ടത്തിൽ കൂടുതൽ പണം ഇരിക്കുന്നവരുടെ വീടുകളിൽ ബലമായി ആരംശേഖരത്തോടെ കയറി ഉള്ള പണമെല്ലാം എടുത്തു അൻപതോ നൂറോ രൂപ ഉടമസ്ഥനു കൊടുത്തിട്ടു ബാക്കിയുള്ള മുഴുവൻ തുകയും വീതിക്കേണ്ടതാണെന്നുകൂടി ഒരു നിർദ്ദേശം ആ പ്രമേയത്തോടുകൂടി ചേർക്കാതിരുന്നതു വലിയ അനുഗ്രഹമായി വിചാരിക്കേണ്ടിയിരിക്കുന്നു. ൫൦ ഏക്കറിൽ കൂടുതലുള്ള ഭൂമി ഭൂമിയില്ലാത്തവർക്കു വീതിച്ചുകൊടുക്കുന്ന കൂട്ടത്തിൽ ഭൂമി നല്ലവണ്ണം വേലചെയ്യത്തക്കവണ്ണം പത്തോ, ആയിരമോ, പതിനായിരമോ രൂപകൂടി ഉടൻതന്നെ അവർക്കു മേൽപ്രകാരം പിടിച്ചുപറിച്ചു വീതിച്ചുകൊടുത്തിരുന്നെങ്കിൽ ആ സ്ഥലങ്ങളിൽ കൃഷി ഭംഗിയായി നടക്കുമായിരുന്നു. ബഹുമാനപ്പെട്ട മെമ്പറോടു ഞാൻ പറയുന്നതു പത്തും, ആയിരവും ഏക്കർ ഭൂമി അതിന്റെ ഉടമസ്ഥന്മാരുടെ സ്വാധീനത്തിൽ ആയതു എങ്ങിനെയാണെന്നു ഒന്നു ആലോചിക്കണമെന്നു്. രാമായണത്തിൽ കണ്ടിട്ടുള്ള

"ഝില്ലീഝങ്കാരനാദമണ്ഡിതം
സിംഹവ്യാഘ്രശല്യാദി മൃഗഗണകീർണ്ണമാതപഹീനം
ഘോരരാക്ഷസകുലസേവിതം ഭയാനകം
ക്രൂരസർപ്പാദിപൂർണ്ണ"മായിരുന്ന വനങ്ങളിലേയ്ക്കു നമ്മുടെ

മുൻഗാമികൾ മൺവെട്ടിയും, കുന്താലിയും, തൂമ്പായും, വെട്ടുകത്തിയും കൊണ്ടു കാട്ടാന, കാട്ടുപോത്തു, കടുവാ, കരടി, കാട്ടുപന്നി തുടങ്ങിയ ദുഷ്ടമൃഗങ്ങളോടു നിരന്തരം പോരാടിയും മനുഷ്യന്റെ ആരോഗ്യത്തെയും ആയുസ്സിനെയും നിഹനിക്കുന്ന മലമ്പനിയെത്തന്നെയും വകവെയ്ക്കാതെ മി. കെ. ആർ. നാരായണൻതന്നെ ഉണ്ടാകുന്നതിനു പത്തോ നൂറ്റമ്പതോ ഇരുപത്തഞ്ചോ കൊല്ലങ്ങൾക്കു മുമ്പു പ്രയത്നശീലരായ ധീരന്മാർ പൂർവാദ്രിയുടെ പ്രാന്തങ്ങളിലേയ്ക്കു പ്രവേശിച്ചതിന്റെ ഫലമായി

ട്ടാണ് അവർ പത്തോ, അഞ്ഞൂറോ, ആയിരമോ ഏക്കർ ഭൂമിക്കുടമസ്ഥന്മാരായി ഇന്നു തീർന്നിട്ടുള്ളതു് എന്ന സംഗതി പ്രത്യേകം സ്മരിക്കേണ്ടതാണ്. ഭയാനകങ്ങളായ വനങ്ങളിലെ സ്ഥിതി അങ്ങിനെയെങ്കിൽ ഇതിലേറെ ഭയങ്കരമായിരുന്നു.

"വേതാളപാളിയും കാളിയും ക്രൂളിയും
നക്രമത്സ്യങ്ങളും തത്തിക്കളിക്കുംപാരാവാര"

സമാനമായ കായലുകളിലെ അവസ്ഥ. എട്ടും, പത്തും, അഞ്ചും വെള്ളമുള്ള കായലുകളിൽ കർഷകരായ ധീരന്മാർ ശ്വാസമടക്കി മുങ്ങി സ്വർണ്ണപ്പണിക്കാരൻ ഒരു അരിമ്പിനമീതെ വേറൊരു അരുമ്പു വെച്ചു പിടിപ്പിക്കുന്നതുപോലെ ചെറിയ ചെറിയ ചെളിക്കഷണങ്ങൾ ഒന്നിനുമീതേ ഒന്നായി വച്ചു വരമ്പുണ്ടാക്കി ഗംഭീരമായ പാരാവാരത്തെ പുറത്തു നിറുത്തി വെള്ളം വററിച്ചു കൃഷിയിറക്കി നെല്ലുകൊയ്തു അറകളിലേക്കു കൊണ്ടുപോകുമ്പോൾ സുഖലോലുപന്മാരായി അലഞ്ഞു നടന്നവർ അതു കാണുമ്പോൾ അതിൽനിന്നും പത്തോ നൂറോ ഏക്കർ പിടിച്ചുപറിച്ചെടുത്തു വീതിച്ചാൽ കൊള്ളാമെന്നു തോന്നും. അതു നടക്കുകയില്ല. അതു സാധിക്കുകയുമില്ല. ധീരന്മാരായ ഞങ്ങളുടെ മുൻഗാമികൾ രാജ്യം പിടിച്ചടക്കുന്ന ധീരയോദ്ധാക്കളെപ്പോലെ തുറിച്ചുനോക്കുന്ന മരണത്തെയും രോഗത്തെയും തൃണവൽഗണിച്ചു ധാരാളം പണം മുടക്കിയും പട്ടിണിക്കും രോഗത്തിനും അധീനരായി തലമുറ തലമുറയായി അദ്ധ്വാനിച്ചതിൻെറ ഫലമാണ് അവരുടെ പിൻഗാമികൾ ഇന്നു അനുഭവിക്കുന്നതു്. അവരുടെ വസ്തുവിൽ അവക്ക് ഒരു ജേതാവിൻെറയും ഭൂഉടമസ്ഥന്റെയും അവകാശങ്ങളുണ്ടു്.

MR. P. S. MOHAMED : അങ്ങനെ വേലചെയ്തു കൃഷിക്കു് ഉപയുക്തമായ ഭൂമിയാക്കിത്തീർക്കുന്നതിനു ജീവനെപ്പോലും വകവെയ്ക്കാതിരുന്ന വേലക്കാർക്ക് അതിൽ കുറേഭാഗം കൊടുക്കണമെന്നു പറയുന്നതിൽ തെററുണ്ടോ?

MR. CHAZHIKATTU JOSEPH : അന്നു് ഒന്നും രണ്ടും പറ നെല്ലു കൂലിവാങ്ങിക്കൊണ്ടാണ് വേലക്കാർ വേലചെയ്തിട്ടുള്ളതു്.

MR. K. A. MATHEW : അങ്ങിനെ പ്രയാസപ്പെട്ടവർക്ക് താമസിക്കാൻപോലും സ്ഥലമില്ലാതിരിക്കുന്നതു ശരിയാണോ?

MR. CHAZHIKATTU JOSEPH : ഇന്നു അപ്രകാരമുള്ള ഭൂമി അനുഭവിക്കുന്ന ഭൂസ്വത്തുടമസ്ഥന്മാരുടെ പ്രപിതാമഹന്മാർ ദുഷ്ടമൃഗങ്ങളേയോ രോഗത്തേയോ ഭയപ്പെടാതെ പ്രവേശിച്ചു വേലചെയ്തതിന്റെ ഫലമായിട്ടു സമ്പാദിച്ചിട്ടുള്ള ആ സ്ഥലങ്ങൾ അവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും അനുഭവിക്കുന്നതിനു വിട്ടുകൊടുക്കാതെ, യാതൊരു വേലയും ചെയ്യാതെ വഴിയിൽ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന ആളുകളുടെ അനന്തരാവകാശികൾക്കു പിടിച്ചുപറിച്ചുകൊടുക്കുന്നതിന് ഗവൺമെന്റു സഹായം അപേക്ഷിക്കുന്നതു ശരിയല്ലെന്നാണ് ഞാൻ പറയുന്നതു.

MR K. K. CHELLAPPA PILLAI : വളരെയധികം വേലക്കാരുടെ സഹായത്തോടുകൂടിയാണ് ഇപ്രകാരം ഭൂമികളും കരസ്ഥമാക്കിയിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

MR. CHAZHIKATTU JOSEPH : അറിയാം, അവർ ചെയ്തവേലയ്ക്കു അന്നു ശരിയായ കൂലിയും വാങ്ങിയിരുന്നു എന്നും എനിക്കറിയാം.

MR. K. K. CHELLAPPAN PILLAI : അവർക്കും ഈ ഭൂമിയിൽ ജീവിക്കണമെന്നു മെമ്പർക്കറിയാമോ?

MR. CHAZHIKATTU JOSEPH : അവരും ജീവിച്ചുകൊള്ളട്ടെ എനിക്കു യാതൊരു വിരോധവുമില്ല. അവർക്കു ജീവിക്കാനായി ധാരാളം ഭൂമി ഗവൺമെന്റിന്റെ കൈവശമുണ്ടല്ലോ അതു എടുത്തു വീതിക്കാം.

സർ, ഒരുപക്ഷേ അവർ വേലചെയ്ത കാലത്തു എനിക്കു കൂലിവേണ്ടെന്നും ഭൂമി ആദായത്തിൽ വരുന്ന അവസരത്തിൽ ഒരംശം എനിക്കു കൂടി തന്നാൽ മതിയെന്നും പറഞ്ഞിരുന്നു എങ്കിൽ ഈ മെമ്പർമാർ പറയുന്നതിൽ അർത്ഥമുണ്ടായിരുന്നു. ചേരിക്കലുകൾ ഭേദഗണ്ഡിക്കുന്നവർക്കു അതായതു കൂലിപറ്റാതെ ഭേദഗണ്ഡിക്കുന്നവർക്കു ഒരുപകുതി ഭൂമി പതിച്ചുകൊടുക്കുന്ന ഏർപ്പാടു ഞങ്ങളുടെ നാട്ടിൽ നടപ്പുണ്ടു. മുമ്പുണ്ടായിരുന്ന ആളുകൾ മലംപ്രദേശങ്ങളിലേയ്ക്കു കൃഷിക്കായി പ്രവേശിച്ചകാലത്തും കായൽപ്രദേശങ്ങളിലെ വെള്ളം വററിച്ചു നിലം ഉണ്ടാക്കുന്നതിനായി ആ ദേശങ്ങളിൽ ഓരോരുത്തർ പ്രവേശിച്ചിരുന്ന കാലത്തും ചെയ്യുന്ന വേലയ്ക്കുള്ള കൂലി കയ്യിൽ വാങ്ങിക്കൊണ്ടിരുന്ന വേലക്കാർ കൂലിക്കുപകരം ഭൂമി നന്നാകുമ്പോൾ ഒന്നോ രണ്ടോ ഏക്കർ ഭൂമിതന്നേച്ചാൽ മതിയെന്നു പറഞ്ഞിരുന്നെങ്കിൽ ഒരേററത്തു രണ്ടോ മൂന്നോ ഏക്കർ ഭൂമി വേലക്കാരെന്നു പറയുന്ന ആളുകൾക്കു ഇന്നു

കൊടുക്കാമായിരുന്നു. അന്നന്ന് ചെയ്തവേലയ്ക്ക് പൂർണ്ണമായ കൂലി കൊടുത്തതിനുശേഷം ആണ് ഇന്ന ഉടമസ്ഥന്മാർ കൃഷിക്കുപയുക്തമായി ഉപകാരപ്രദമായിട്ടുള്ള ഭൂമികൾ കൈവശംവച്ചുകൊണ്ടിരിക്കുന്നതു.

MR. K. A. MATHEW: പൂർണ്ണമായ കൂലി ആരാണ് നിശ്ചയിക്കുന്നതു.

MR. CHAZHIKATTU JOSEPH: കൊടുത്തവനും വാങ്ങിയവനും കൂടി. അന്നു കൊടുത്തിരുന്ന കൂലി പോരെന്നു പറഞ്ഞിരുന്നെങ്കിൽ ഇടങ്ങഴിയോ, ഒന്നരയോ നെല്ലു അതിലും കൂലി കൂടുതൽ കൊടുക്കുമായിരുന്നു. വളരെക്കാലത്തിനു മുമ്പുതന്നെ മുതൽമുടക്കി പലവിധകഷ്ടനഷ്ടങ്ങളും സഹിച്ചു സമ്പാദിച്ചിട്ടുള്ള ഭൂമി അന്യന്മാർക്കു യാതൊരു മുതൽ മുടക്കും കൂടാതെയും ചെയ്തവേലയ്ക്കു ശരിയായ കൂലിവാങ്ങിയും പുറമേ [illegible] വീതിച്ചുകൊടുക്കണമെന്നു പറയുന്നതു ശരിയല്ലെന്നാണു ഞാൻ വീണ്ടും പറയുന്നതു.

MR. K. R. NARAYANAN: മുതൽ എന്നു പറഞ്ഞാൽ പരിശ്രമംകൂടി ഉൾപ്പെടും എന്നുള്ള സാമാന്യതത്വം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

MR. CHAZHIKATTU JOSEPH: എനിക്കറിയാം. കൃഷിക്കാരനുണ്ടായിട്ടുള്ള (risk) ഭയപ്പാടും മുതൽമുടക്കാണെന്നു ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം. പണവും മുടക്കി കരടിക്കുഴിയിൽ സ്ഥലങ്ങൾ തെളിക്കുന്നതിനു പോയപ്പോൾ കരടിയുടെ പിടിയിൽപ്പെട്ടുമോ എന്നു ഭയപ്പെട്ടു കഴിഞ്ഞ കൂലിയ ഓരോ മണിക്കൂറിനും ൧൦൦൦ രൂപാ മുതൽ ൨൦൦൦ മൊ അതിൽ കൂടുതലോ രൂപാവരെവിലപിടിക്കും എന്നുള്ളതുകൂടി മെമ്പർ ധരിക്കേണ്ടതാണ്. ജീവൻ കയ്യിൽ വച്ചുകൊണ്ടു കഴിച്ചു നാഴികകളുടെയും മണിക്കൂറുകളുടെയും വില ഇന്നു ആരാണു നിശ്ചയിക്കുന്നതു.

MR. S. SANKARANARAYANAN TAMPI: പണം മുടക്കിപ്പോയ ആളിനു മാത്രമേ അവകാശമുള്ളായിരുന്നുള്ളു എന്നറിഞ്ഞാൽ കൊള്ളാം.

MR. CHAZHIKATTU JOSEPH: കൂലി മാത്രം ഉദ്ദേശിച്ചു പണം മുടക്കാതെ പോയി കൃഷിക്കാർ ഭയന്നു ദേഹണ്ഡസ്ഥലങ്ങൾ വിട്ടു കോട്ടയം വരെ തിരിച്ചു പോരേണ്ടതായിട്ടുമുണ്ട്. അതിനു പകരം കോട്ടയത്തുനിന്നും മററു സ്ഥലങ്ങളിൽനിന്നും ധീരന്മാരായ കൃഷിക്കാരെയും പാറക്കാരെയും കൊണ്ടുവന്നാണു മഹാവനങ്ങളും തെളിച്ചു ഇന്നു ആരാമങ്ങളാക്കിയിട്ടുള്ളതു.

[illegible]

MR. S. SANKARANARAYANAN TAMPI : ആ ധീരന്മാരായ വേലക്കാൎക്കും ആ പണം മുടക്കിയ ആളിനും ആ വസ്തുവിൽ അവകാശമില്ലേ?

MR. CHAZHIKATTU JOSEPH : ഇല്ല. ധീരന്മാരായ വേലക്കാൎക്ക പേടിച്ചോടിയവരെക്കാൾ വളരെ കൂടുതൽ കൂലി കൊടുത്തു. പങ്കുകാരായി ചേൎന്ന കഷ്ടതകൾ സഹിച്ചവൎക്ക ഇന്നു ഭൂമിയുണ്ടു്.

MR. K. K. CHELLAPPAN PILLAI : ഈ അവകാശം ആരാണു നിശ്ചയിക്കേണ്ടതു്?

MR CHAZHIKATTU JOSEPH : പണം മുടക്കി വേല ചെയ്തു വസ്തുക്കൾ കൈവശം വച്ചു അനുഭവിക്കുന്നവരും അവരുടെ അവകാശികളും.

MR. K. R. NARAYANAN : സൂൎയ്യപ്രകാശത്തിനും ശുദ്ധവായുവിനും എല്ലാവൎക്കും അവകാശം ഒന്നുപോലല്ലേ?

MR. CHAZHIKATTU JOSEPH: അതെ. എല്ലാവൎക്കും ഒന്നുപോലെ അവകാശമുണ്ടു്.

MR. K. R. NARAYANAN : അതുപോലെതന്നെ ദൈവം സൃഷ്ടിച്ച ഭൂമിയിലും എല്ലാവൎക്കും ഒരേവിധത്തിൽ അവകാശമില്ലേ?

MR. CHAZHIKATTU JOSEPH : അവകാശമുണ്ടായിരുന്നേനേ. സൂൎയ്യപ്രകാശവും ശുദ്ധവായുവും പോലെ ധാരാളം ഭൂമിയും ലഭിക്കുമായിരുന്നെങ്കിൽ.

MR. K. K. CHELLAPPAN PILLAI : ഈ രാജ്യത്തെ സകല ഭൂമികളും ആദ്യകാലത്തു രാജ്യത്തു നിവസിച്ചിരുന്ന സകല ആളുകൾക്കും കൂടി ഉണ്ടായിരുന്നതാണെന്നു് അറിയാമോ?

MR. CHAZHIKATTU JOSEPH : അങ്ങിനെയായിരുന്നെങ്കിൽ ആ ഭൂമി മുഴുവൻ അപഹരിച്ചു കരസ്ഥമാക്കിയിരിക്കുന്നതു ഗവൺമെന്റാണല്ലോ.

MR. P. K. KUNJU : ഗവൺമെന്റു് ജനങ്ങളുടേതാണെന്നു ബഹുമാനപ്പെട്ട മെമ്പൎക്കറിയാമോ?

Turning to the question of water cess, Sir, we have not had three continuous crops in the channel-fed areas ever since the Kodayar Project was inaugurated. I am fully aware of the responsibility with

which I make the statement on the floor of this House. Even today, nearly ten thousand acres bordering Nilappara south of Marthuamalai are dying or some of them are dead. Complaints were raised at every crop. Complaints are being raised that we are not getting sufficient water and regular distribution.

Several schemes regarding water supply have been adumbrated or investigated but none of them are put into action to supplement the reservoir. Now, through thick and thin, we have been paying Rs. 7 per acre as water cess. But we would further pray that as a huge percentage of the investment on Kodayar has been taken as a return from the land yield, it is high time that the Government took into consideration the question of abolition of this cess. There is already a land revenue, and the investment of water-cess has been completely written off; there is therefore ample justification, at least at this juncture when we are giving you all our paddy, when we lay open all our granaries to you, and when we are thereby solving the food problem of the State to our humble and little extent, for the Government to consider the levy of this water-cess with sympathy and abolish it at the earliest possible time.

Mr. P. K. Kuriakose Stood up.

PRESIDENT : If you will speak only for about five minutes, I shall allow it.

MR. P. K. KURIAKOSE : സർ, യുദ്ധപരിതസ്ഥിതികൾ മൂലം ഉല്പന്നങ്ങളുടെ വിലയിൽ കുറെയെല്ലാം വ്യത്യാസങ്ങൾ വന്നിട്ടുണ്ടെങ്കിലും വിളവ് നാൾക്കുനാൾ അധഃപതിച്ചാണ് വരുന്നതെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നതു് പ്രത്യേകമായി വളങ്ങൾ വാങ്ങിച്ചു ഉപയോഗിച്ചല്ലാ. അവരവർക്കുതന്നെ പച്ചിലവളമായിട്ടും കന്നുകാലിവളമായിട്ടും ആവശ്യമുള്ള വളം കിട്ടിക്കൊണ്ടിരുന്നു. ഇപ്പോൾ ഈ രണ്ടിനങ്ങളും വളരെ കുറഞ്ഞു എന്നുമാത്രമല്ല കിട്ടാതെയുമിരിക്കുന്നു എന്നുതന്നെ പറയാം. കന്നുകാലികളുടെ എണ്ണം വളരെ വളരെ കുറഞ്ഞിട്ടുണ്ടെന്ന് ഒരു സെൻസസ്സ് എടുത്തുനോക്കിയാൽ അറിയാവുന്നതാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ നിന്ന് കന്നുകാലികളെ ഇറക്കാൻ പാടില്ലെന്നു നിർബന്ധം വന്നിരിക്കുന്നതുകൊണ്ട് കൃഷിക്കാവശ്യമുള്ള കന്നുകാലികളെ തന്നെയും കിട്ടാൻ നിവൃത്തിയില്ല. അതുകൊണ്ടു അവയിൽ നിന്നും കിട്ടാവുന്ന വളത്തിന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. പച്ചിലവളത്തെ സംബന്ധിച്ചു നോക്കുന്ന പക്ഷം പുറയിടങ്ങളിൽനിന്നോ റിസർവുകളിൽനിന്നോ ആവശ്യത്തിനു തക്കവണ്ണം കിട്ടാൻ വിഷമമായിരിക്കുന്നു. ഈ കാരണങ്ങളാൽ വിളവു

[Mr. P. K. Kuriakose.]

തന്നെ വളരെ കുറഞ്ഞിട്ടുണ്ട്. വിളവുകുറിഞ്ഞതോടുകൂടി ആദായവും കുറഞ്ഞിട്ടുണ്ട്. ആദ്യമായി നികുതി ചുമത്തിയന്നു് ആദായത്തിൽ ഒരു ഭാഗം രാജഭോഗമെന്നുള്ള നിലയിൽ കൊടുക്കത്തക്കവണ്ണമായിരുന്നു. അതിൽ ഇപ്പോഴും യാതൊരുകുറവും വന്നിട്ടില്ല. ആ നിലയിൽതന്നെ കൊടുക്കേണ്ടിയിരിക്കുന്നു. ഈ നികുതി തന്നെ രണ്ടു തരത്തിലുണ്ട്. അവ ലാൻഡ് ടാക്സും ഇൻകംടാക്സും ആണ്. ഇതനുസരിച്ച് നമ്മുടെ ഗവണ്മെൻറിൻെറ മുതലെടുപ്പ് വളരെ വർദ്ധിച്ചിട്ടുണ്ട്. ഇതു കൂടാതെ പരോക്ഷമായിട്ടുള്ള കരം പിരിവുമുണ്ട്. അവ എക്സൈസ് കസ്റ്റംസ് ട്രാൻസ്പോർട്ട് ആദിയായ ഇനങ്ങളിൽനിന്നും ആണ്. ഏതിനത്തിലായാലും കർഷകരിൽനിന്നും കൃഷിഉല്പന്നങ്ങളിൽനിന്നും ആണ് ഈ വരവു വർദ്ധിക്കുന്നതെന്നു കാണാം. മറുവിധത്തിൽ നമ്മുടെ ചിലവ് വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ കൃഷിഉല്പന്നങ്ങൾക്കും കൃഷി ആദായങ്ങൾക്കും കൂടി നികുതി ചുമത്തിയിരിക്കുന്നു. ഇതിന് ഗവണ്മെൻറു ജനങ്ങളെ സമാധാനപ്പെടുത്തത്തക്കവണ്ണം പറയുന്നതു് ക്രമേണ ലാൻഡുടാക്സ് കുറച്ചുതരുമെന്നാണ്. ഭൂമിക്കുള്ള നികുതിക്കു പുറമേ ഭൂമിയിലുള്ള വൃക്ഷങ്ങൾക്കുകൂടി നികുതി ചുമത്തിയിട്ടുണ്ട്. ഇപ്പോൾ കൃഷിആദായത്തിനുംകൂടി നികുതി ആയപ്പോൾ ൩, ൪, ഇനം നികുതിവരുന്നുണ്ട്. അതിനാൽ എനിക്കൊരപേക്ഷയുള്ളതു് ൧൧൨൦-മുതൽ കൃഷി ആദായനികുതി ചുമത്തിവരുന്നതിനെ ക്രമീകരിക്കത്തക്കവണ്ണം ഈ കൊല്ലം മുതൽ ഭൂനികുതി കുറയ്ക്കത്തക്കവണ്ണമുള്ള ഒരു പദ്ധതി ഗവണ്മെൻറിൽനിന്നും ആലോചിച്ചു് നടപ്പിൽ വരുത്തണമെന്നുള്ളതാണ്.

MR. G. NARAYANAN TAMPI: Sir, The debate this afternoon started with the remarks made by the honourable member, Mr. Bhattathiri, regarding the collection of Jenmikaram by Government. It has been alleged that considerable hardship is being caused to the Jenmies by the operation of the new system for collection of the dues from their tenants whereby the collection is effected by Government through their officers of the Land Revenue Department, and not by the Jenmies themselves or their agents. The Chief Secretary has pointed out to the honourable member that triplicate receipts are being issued now, so as to enable the jenmies not merely to have timely intimation about the collections made from time to time, but also to watch the progress of the rate of collection. Let me remind the honourable member that the promulgation of the Jenmi Kudiyan Act and the consequent Jenmikaram Settlement have enured to the advantage of both the jenmies on

the one hand and their tenants on the other. It may be remembered that these tenants, formerly, had only mere occupancy rights over the Jenmi Vaga lands and, therefore, had little incentive to enhance the value of the lands by means of permanent improvements involving enormous labour and expenditure. At the same time, the Jenmies could hardly realise their dues from the tenants with any degree of steadiness or regularity as in the case of Sirkar tax which is supported by sufficient sanctions under the laws of the land. It was for the purpose of obviating these difficulties and benefiting both the ryots and the jenmies that Government stepped in with the necessary legislation.

Sir, the land policy of Travancore dating from many years ago has had a great landmark in its development *viz.*, the Pattom Proclamation of 1040, promulgated by His Highness Maharaja Ayillyam Tirunal of revered memory. This is known as the Magna Carta of the ryot in Travancore. Its purpose was to give complete ownership rights to the tenants of the Sirkar who, like the tenants of the jenmies, had only occupancy rights. Nevertheless, about 25 per cent of the lands in the State fell outside the purview of this Proclamation because these lands belonged to the Jenmies and Madambies. The old order continued in respect of such lands until the year 1108, when it pleased His Highness the present Maharaja to pass the Jenmi Kudiyan Act. This Act, strictly speaking, is a complement of the earlier enactment. Thus the tenants of the jenmies too have acquired a permanent right, heritable and transferable, over the lands held by them as mere tenants at will under Kanom deeds, subject to the payment of Jenmikaram through Government, just in the manner that the assignees of Sirkar lands have a permanent title to those lands subject to the payment of the land tax due to Government.

RAJYASEVANIRATHA S. CHATTANATHA KARAYALAR: Under the Jenmikaram Regulation, have the Government taken up responsibility for the collection of the jenmikaram or have they constituted themselves as agents for jenmikaram ?

MR. G. NARAYANAN TAMPI: Yes, Sir. Government have assumed the responsibility for the collection of Jenmikaram; under the Statute: they are not the agents of the jenmies in this behalf. By this arrangement, the Jenmies get a steady income because their dues are collected by Government officials, armed with statutory powers to enforce payment, exactly as in the case of the tax due to the Sirkar in respect of other lands in the State. It may be pointed out that only a small percentage of the jenmikaram collections is being appropriated by Government as collection expenditure, although an expensive machinery is utilised for the purpose.

There are 369 pakuthies where jenmikaram collections have to be effected from numerous holders. There are 421 revenue pakuthies in the State. Including the Edavagai pakuthies, the total number comes up to 434. Even the Edavagai pakuthies have got to be inspected by the Tahsildars. It is in the midst of their multifarious duties, now

[Mr. G. Narayanan Tampi.]

greatly increased by the war situation, and more particularly by our acute food situation, that the Tahsildars have to attend also to Jenmikaram work. Having regard to this patent fact, the difficulty in the matter will be quite apparent, especially during the very first year of the operation of the new system. Nevertheless, it will be seen that, although the system has only been in its initial stages during the past year, the percentage of collection has been really appreciable. Out of a demand of Rs. 7,36,639, in addition to the State Revenue demand of about Rs. 40 lakhs, the balance after collection and remission stood at the comparatively low figure of Rs. 1,91,674,

I hope, Sir, that with this amplification of the Government's position, the honourable member will be assured that Government are not sparing any pains, in the midst of their multifarious preoccupations at this difficult juncture, to safeguard the interests of the jenmies. I can assure him also that the system which is now under the direct control of the Leader of the House, the honourable the Chief Secretary, will improve steadily, and in the course of the year, there will be a more methodical and definite *modus operandi* for effecting collection and disbursement.

I am not referring to the scheme of purchase of paddy in connection with our Food Control measures because it does not relate to the regular work of the Revenue Department although the honourable members have discussed the matter in connection with this debate on the Land Revenue demand. The Tahsildars, apart from their being Revenue Officers, have got to discharge various duties, and the purchase of paddy and its storage and distribution now forms an important part of their extra duties. How earnestly they are discharging this duty is already admitted on all hands. You, Sir, have, in very generous terms, commended their good work in spite of difficulties, on the floor of this House the other day. But so far as I can understand, Sir, the purchase of paddy cannot be mixed up with the question of collection of *pattom* or tax as the case may be. Some basis has to be adopted, and a basis has been formulated on the lines of the settlement pattom as indicating the approximate yield of paddy lands in various localities. Apart from these observations, I have no remarks to offer on the questions raised by the honourable members Mr. Varghese and Mr. Sankara Pillai.

MR. CHAZHIKATU JOSEPH: ഒരേതരത്തിലും ഒരേ അളവിലും ഉള്ള നിലങ്ങൾക്ക ഒന്നും ഒന്നരയും പറ നെല്ല കൊടുക്കേണ്ടതെങ്കിലും ജന്മിക്കരത്തിനായി അതിന്റെ എട്ടും പത്തും ഇരട്ടി കൊടുക്കേണ്ടതായിട്ടു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

MR. G. NARAYANAN TAMPI: അങ്ങനെ വ്യത്യാസമുള്ളതായി അറിവില്ല.

MR. CHAZHIKATU JOSEPH: എനിക്ക പൂർണ്ണമായി അറിയാം.

MR. G. NARAYANAN TAMPI: അപ്രകാരമുണ്ടെങ്കിൽ, അന്വേഷിച്ചറിഞ്ഞു വേണ്ട നടപടി നടത്താവുന്നതാണ്.

Sir, the most important question that has been discussed on the floor of the House in connection with the Land Revenue Administration was the proposition moved by the honourable member Mr. K. R. Narayanan today aiming at a redistribution of the private lands in the State. He has been supported by the honourable members Mr. Nataraja Pillai and Mr. Chellappan Pillai.

This time last year Sir, when I had to explain the r·
the present land policy of Government to regulate the distribution and disposal of the Sirkar lands in Travancore, I pointed out the analogy it bears to a surgical operation which, however painful it may be to the patient, is intended for the ultimate advantage and safety of the individual. Sir, there was a time when the population of the country was small and no discrimination was being made in the distribution of the large areas of Government land on the permanent registry. This has resulted in greatly reducing the arable area available for distribution among the growing population of the State. The population is increasing by about ten lakhs every decennium. We have now over sixty lakhs of people in the country. Probably, the next Census might record a population of about seventy lakhs. So, Mr. Narayanan proposes that private lands also be made available for distribution. He has suggested a principle of distribution.

MR. P. S. NATARAJA PILLAI: Sir, may I know whether the proposition is accepted officially that the distribution by acquisition of land.

MR. G. NARAYANAN TAMPI: No, Sir, I was only referring to the principle enunciated by Mr. K. R. Narayanan.

PRESIDENT: The honourable member has only two minutes more.

MR. G. NARAYANAN TAMPI: I was only just recounting the fact that two crucial points have been discussed here. The first is the idea of re-distribution, with or without compensation. The question whether the Government accepts or rejects the idea does not arise, at the present moment. The House knows that the proposition as such just frizzled out. I was merely mentioning the idea behind the proposition.

PRESIDENT: Order, order. The time for the demand having lapsed the demand will now be put to vote.

The demand that Government be granted a sum of Rs. 13,89,617 under Demand X—Land Revenue and Taxes on Income was put to vote and carried.

The grant was made.

DEMAND XI—Stamps.

MR. S. NARAYANA AIYAR (*Financial Secretary to Government*): Sir, I beg to move that Government be granted a sum of Rs. 1,56,887 under demand XI—Stamps.

PRESIDENT: Order, order. As no cut motion has been received on this demand it will be now put to vote.

[President.]

The question that Government be granted a sum of Rs. 1,56,887 under Demand XI—Stamps—was put to vote and carried.

The grant was made.

DEMAND XII—FOREST.

RAO BAHADUR T. V. VENKITESWARA AIYAR : Sir, I beg to move that Government be granted a sum of Rs. 19,83,576 under demand XII—Forests.

PRESIDENT : All the items for the reduction of partial allotments are out of order.

(Honourable member Srimathi T. Narayani Amma was not in her place when the President called out her name.)

I do not wish to be unchivalrous, but honourable members who have given notice of cut motions are expected to be in their respective places.

Motion No. 9.

MR. R MADHAVAN NAIR : സർ, ഞാൻ ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കിക്കൊള്ളുന്നു.

"To reduce the allotment of Rs. 36,766 for Direction by Re. 1. To suggest certain improvements in the method of collection of timber from Forest reserve".

സർ, പ്രകൃതിദേവി അനുഗ്രഹിച്ചിട്ടുള്ള നമ്മുടെ വനങ്ങളിലെ വിഭവങ്ങൾ ശരിയായി നമുക്ക് ലഭിക്കുന്നില്ലെന്ന് ചൂണ്ടികാണിക്കാനാണു ഞാൻ ഈ ഉപക്ഷേപം കൊണ്ട് ഉദ്ദേശിക്കുന്നതു.

റിസർവ് വനങ്ങളിൽക്കൂടി സഞ്ചാര സൗകര്യത്തിനായുള്ള വണ്ടി പോകത്തക്ക റോഡിന്റെ അഭാവം മൂലം, തടികളും മററും ശേഖരിച്ച് നാട്ടിൽ കൊണ്ടുവരുന്നതിന് വലിയ വിഷമം ഉണ്ടായിരിക്കുന്നതിനാൽ കൂപ്പുവിലയും സെല്ലെ കൂപ്പുകളിലെ തടികളുടെ കോൺവിലയും കുറഞ്ഞുവരുന്നു. ഇപ്പോഴം നമുക്ക വനത്തിൽനിന്നും തടിവർഗ്ഗത്തിൽ സോഫ്ററ്വുഡ് മാത്രമേ പെരുന്തേൻ അരുവിവഴി കൊണ്ടുവരുന്നതിനു സാധിക്കുന്നൊള്ളു. അതും ൨൫ ശതമാനവും പാറക്കെട്ടുകളിൽ തട്ടിമുട്ടി ചതഞ്ഞു നഷ്ടപ്പെടുകയാണ് ചെയ്യുന്നതു്. ഈ പാറക്കെട്ടുകളെ കഴിവുള്ളിടത്തോളം നശിപ്പിക്കുന്നതു് ഉപകാരപ്രദമാണ്. സെല്ലെ കൂപ്പുകൾ തന്നെ ആരെങ്കിലും കൺട്രാക്റ്റ് എടുക്കുന്ന പക്ഷം അതിൽനിന്നും നല്ല തരത്തിലുള്ള തടികൾ മാത്രം എടുത്തിട്ടു ബാക്കിയുള്ളതു് ഉപേക്ഷിക്കുകയാണ് ചെയ്യുന്നതു്. അങ്ങനെ

ള്ളവർ ഉപേക്ഷിക്കുന്ന തടികൾ രൂപാന്തരപ്പെടുത്തി, രാജ്യത്ത് മററു തെങ്കിലും തരത്തിലുള്ള ആവശ്യങ്ങൾ നിറവേററാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. യുദ്ധാനന്തരപുനരുദ്ധാരണപദ്ധതിയിലേക്കുള്ള പ്രവൎത്തനം മററു ഒരു സ്ഥലത്തും തുടങ്ങിയിട്ടില്ലാത്ത സ്ഥിതിക്ക് നമ്മുടെ വനങ്ങളിൽനിന്നും കൺട്രാക്ടറന്മാർ ഉപേക്ഷിക്കുന്ന പലതരം തടികളെ അറുത്തു ഉരുപ്പടി ആക്കുന്നതിലേക്കു ഒരു സാമിൽ ഏതെങ്കിലും തരത്തിൽ ഒരു സ്ഥലത്ത് എത്തിക്കുന്നതായാൽ ഗവൺമെൻറിനു ഗണ്യമായ ആദായം ഉണ്ടാകുന്നതിനു പുറമേ, കൺസർവേറററർ അവർകളുടെ ഭരണസാമൎത്ഥ്യത്തെ രേഖപ്പെടുത്തുകയും ചെയ്യുന്നതാകുന്നു. കൂടാതെ പെരുന്തേനരുവിയുടെ സമീപം ഒരു റോഡുവെട്ടി വാഹനങ്ങളുടെ ഗതാഗതത്തിനു സൌകൎയ്യപ്പെടുത്തുന്നപക്ഷം യുദ്ധാനന്തരം നമ്മുടെ വനങ്ങളിലുള്ള എല്ലാത്തരം തടികൾക്കും ഗണ്യമായ വിലകിട്ടുന്നതാണ്. അതായത് സാമ്പത്തികമായി നോക്കുന്നപക്ഷം ഗവൺമെൻറിന് വലിയ ആദായത്തിനും തൊഴിൽപരമായി വലിയ അഭിവൃദ്ധിക്കും ഇടയാകുന്നു. അതിനാൽ ഈ കാൎയ്യങ്ങൾ കൺസർവേറററർ അവർകളുടെ സത്വരശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

MR. P. S. NATARAJA PILLAI: Sir, one of the fundamental duties of this Department is to see to the regeneration of the forest as well, when they are doing the exploitation work in it. I am glad to say that in recent years something is being done in that line. Apart from the teak plantations practically no work, as far as I know, was done for the natural regeneration of the forests as such, but the information available with me at present shows, that some little bit of work, of two or three acres here and there, in some division or other, is being attended to for the natural regeneration and planting of special species of trees. But a systematic attempt for the regeneration of good species of timber for which Travancore forests hold a monopoly such as Kongo or Thampakam, which form the monopoly of the west coast forests, has not been adopted. That kind of work will be welcomed. As a layman, I can say that in many portions of the forests in the south of Travancore these trees grow in abundance. If the Department pays more attention to this, we can have a good forest of Kongo and Thampakam in a few years, and this would bring in more revenue to the State.

Leaving that, if we examine the exploitation of the forests, I may point out that it will end in want of trees in some areas. For years together, the work has not been systematically attended to and even in this year, in the report you will find, that some repairs were done and that no work of any original nature was carried out, on communications. A thousand and odd Rupees was allotted for the works such as roads, traces, etc and it was not even possible for the Department to

[Mr. P, S. Nataraja Pillai]

spend it in a year. They take shelter under the plea that coolies are not available, that prices of food-stuffs have gone high and so on. Sir, this is not the way the question ought to be approached. There is no use saying that workmen are not available, that food-stuffs are not available and so on. We are living in a time when there is a war on and we are hearing much about the Home front. What is it, if it is not the harmonising of the efforts of the civilian population? If the military authorities want anything to be done they set at it with their whole heart to it. If the Department wanted, they could have asked for a greater amount. They have not done it. It is no use to come afterwards and say that they did not get coolies because they were not able to pay adequate wages. That is not the way to approach it. This aspect has a special reference when we come to examine how the Department has been doing the work in exploiting the timber and selling it. Sir, you will find that in the year 1117, they extracted nearly 22,81,000 cubic feet of timber, but for the year 1118 the figure is seen to be 15,82,000. What does it show? Certainly there is an increase of revenue in the Department; but it is not because of the work they have done by extracting more timber and selling it. It is because of the higher price for the timber we get at present. But at the present juncture when prices are high the Department is not able to supply the demand. It is said that the difficulties experienced in working down timber are the scarcity of labour, the exorbitant rise in the cost of provisions, and insufficient supply of tyres and petrol. If it was a private agency, I ask whether it would have sat content with this state of affairs? They would have marketed the whole lot. We have got a surplus revenue now. We have got exports to supervise and money to spend but the fact remains that we cannot work the forests to our interests. If there was a private agency, it would have utilised the situation to our advantage. Some years ago, our depots were dumped with timber. We were unable to find a market for them. Now, we have a market and when a market is available our Department is not able to market; and that too because of circumstances which is not exceptional to Travancore alone. It is the duty of the Department to see through these things If I remember correct, a decade ago, or for some years before the war, the net income from this Department was something like eight lakhs. I speak subject to correction. For some years the Department was not able to make a big profit and the Government were budgetting only to that extent. But, now the boom is there and we can work the department to our advantage. Then, we may not lose our money. I would therefore urge on the attention of the House to insist on the Department to ask for more money and get it and extract timber and market it and thus make as much profit as is possible without detriment to the forest wealth of the country.

PRESIDENT: Order, order. As the matter is of very great importance, one or two aspects may be borne in mind by the honourable member before he makes his further observations.

It is true that we are exploiting our forests to a lesser extent than Madras or Bombay or Mysore. That is not unintentional. I think experts have come to the conclusion that immediately after the war Madras would have absolutely no timber to sell. Similarly, Mysore, I know, has very little timber to sell. It is expected that after the war for the work within the State and for export outside, Travancore would perhaps be the monopoly centre for South India if not for the whole of India. That is the general position. We have been only exploiting so much timber as would leave our revenue at a figure which is now Rs. 50,00,000. By over-exploitation we could easily have got a fairly larger sum. But that policy was deliberately put aside in order that the building operations which have been suspended within the State now on account of the high cost of labour and materials may be revived after the war. I may assure the honourable member that so far as one can see, unless there is a great amount of timber imported from Finland and the Balkans, after the war, Travancore will hold a key position in India.

MR. P. S. NATARAJA PILLAI: If that be the expert view I have nothing—

PRESIDENT: No, no. That is one aspect on the basis of which the Government have proceeded. The honourable member is at perfect liberty to suggest that the better plan would be to exploit the timber.

MR. P. S. NATARAJA PILLAI: Sir, that is why I qualified my suggestion by saying that it should not be indiscriminate exploitation. I qualified my statement purposely with that view in mind. But, if the view is that the value of timber is going to increase after the war certainly we must conserve.

PRESIDENT: Order, order. I do not want to make any comparisons, but the honourable member would probably bear in mind the position of Cochin today. Cochin today is practically completely exploited and after the war Cochin will have, to a large extent, to depend upon us for timber for ordinary purposes. Madras will have practically to rely on us for timber. That is an aspect which the honourable member has to bear in mind.

MR. P. S. NATARAJA PILLAI: With due respect to the suggestions regarding the exploitation and revenue after the war, I will just refer to some other points. For exploitation after the war we have to concentrate on the making of roads and bridges and traces. That is a work which has been neglected by the Department. I began with it to-day. I may go to the extent of saying that it has been awfully neglected. It is seen that at least three or four miles of roads were being maintained every year in the previous years. But, during the last year, there has not been a single road which has been repaired or newly made. This is not the correct procedure. We are thinking of capital schemes and expansion in the future. If we are thinking in those terms, this is the time to allot a good deal of money to this Department and ask them to conduct a systematic survey of our forests and put down plans for constructing roads so that we may systematically exploit the forest wealth of the State. As a layman, who had

[Mr. P. S. Nataraja Pillai]

some knowledge of the forests, I understand that with the old working plans which have been in existence for very many years, for something like a quarter of a century, areas which have been worked hitherto are again and again being worked. It is not enough if we work only the areas that have been worked. We do not go into the interior of the forests because there is no road or a trace. Even elephants cannot bring timber from the heart of the forests. That is the information I have got. I ask the Conservator to place before us facts as they are. As far as I have known, the Department and the contractors work only on the area which was in working condition for the last few decades. They never go into the interior areas at all, because there are no roads or bridges or traces. That means a good portion of our reserve forest is left unworked having been classified as inaccessible. With the modern knowledge, inventions, facilities and experts that we have got, that position must be revised. The Department must devote greater attention to that fact and see that they could bring the inaccessible area, as they call it, into the working scheme and provide methods for working those areas. For that purpose they can ask for a good allotment for expenditure under this head and ask the House to grant that amount. With these observations, I place the motion for the consideration of the House.

MR. P. M. VARGHESE : സർ, തിരുവിതാംകൂറിൽ [illegible] ലക്ഷത്തിൽപരം ഏക്കർ സ്ഥലം റിസർവായി കിടപ്പുണ്ടെന്നു റിപ്പോർട്ടുകൊണ്ടു കാണുന്നു. അങ്ങനെ റിസർവായിട്ടു തിരിച്ചിരിക്കുന്ന ഭൂമി നെൽകൃഷി ചെയ്യുന്നതിനായിട്ടു് വിട്ടുകൊടുത്തു് വെട്ടിത്തെളിച്ചു് വിരിപ്പുകൃഷി ഇറക്കുകയാണെങ്കിൽ ഒരേക്കർ ഭൂമിയിൽനിന്നും തീർച്ചയായിട്ടും ഇരുന്നൂറുപറ നെല്ലു് ലഭിക്കാവുന്ന സ്ഥലങ്ങളാണു്. തിരുവിതാംകൂറിലെ ജനങ്ങൾ ക്ഷാമം കൊണ്ടു നട്ടംതിരിയുന്ന ഈ ഘട്ടത്തിൽ ജനങ്ങളുടെ രക്ഷക്കുവേണ്ടി വേണ്ടതു പ്രവർത്തിക്കുകയോ അതല്ലാ വനങ്ങളുടെ രക്ഷയ്ക്കുവേണ്ടി വേണ്ടതു ചെയ്യുകയോ ഏതാണു വേണ്ടതെന്നുള്ള പ്രശ്നമാണു് ഞാൻ ഇവിടെ കൊണ്ടുവരുന്നതു്.

തിരുവിതാംകൂറിലെ വനങ്ങളെ രക്ഷിക്കേണ്ട എന്നു എനിക്കഭിപ്രായമില്ല. പക്ഷെ തിരുവിതാംകൂറിലെ ജനങ്ങളെ രക്ഷിച്ചിട്ടല്ലയോ വനങ്ങളെ രക്ഷിക്കേണ്ടതു്? തിരുവിതാംകൂറിലെ വനങ്ങളെ ഇവിടത്തെ ജനങ്ങൾക്കു വേണ്ടിയല്ലയോ സംരക്ഷിക്കപ്പെടേണ്ടതു് എന്നാണു് ഞാൻ ചോദിക്കുന്നതു്. വനങ്ങളെ മുഴുവനമായി നശിപ്പിക്കണമെന്നു് എനിക്കഭിപ്രായമില്ല. പതിനേഴുപതിനെട്ടു ലക്ഷത്തോളം ഏക്കർ വിസ്തീർണ്ണം വരുന്ന ഈ വനവിഭാഗത്തിൽനിന്നും

ഏകദേശം ഒരു ലക്ഷം ഏക്കറോളംമാത്രം ഭൂമി കൃഷിക്കായിട്ടു കൊടുത്തിരുന്നെങ്കിൽ അവിടെയുള്ള ഒരൊററ കൃഷികൊണ്ടുമാത്രം ഏകദേശം ഒരു കോടിയിൽ കൂടുതൽ പറ നെല്ലു് ഈ രാജ്യത്തു വിളയുംഎന്നാണ് ഞാൻ പറയുന്നതു്. ഇതു് ഒരിക്കലും ഒരു അതിശയോക്തിയായി ഞാൻ പറയുന്നതല്ല. തിരുവിതാംകൂറിലുള്ള റിസർവു വനങ്ങളിൽ ഭൂരിഭാഗവും ഫലഭൂയിഷ്ഠമായ പ്രദേശങ്ങളാണ്. ഫാറസ്ററു ഡിപ്പാർട്ടുമെൻറുകാർപോലും കണ്ടെത്തിയിട്ടില്ലാത്ത രമണീയമായ സ്ഥലങ്ങൾ അവിടെ കിടപ്പുണ്ടെന്നുള്ളതു് അതിനടുത്തു താമസിക്കുന്ന എന്നെപ്പോലെയുള്ളവർക്ക് അറിയുവാൻ കഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ കൃഷിക്കായി കുറെ സ്ഥലം ഗവൺമെൻറു പതിച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതു് ശരിതന്നെ. ഏററവും പരിതാപകരമായ ഒരു സ്ഥിതിയിലാണ് ഇത്തരം ഭൂമികൾ പതിച്ചുകൊടുത്തിട്ടുള്ളതു്. വനങ്ങളുടെ ഇടയ്ക്കിടയ്ക്കു നിന്നു കുറേശ്ശ സ്ഥലങ്ങളാണു്, ചതുപ്പുഭൂമികൾ എന്നും പറഞ്ഞു് കൃഷിക്കായി വിട്ടുകൊടുത്തിരിക്കുന്നതു്. ഈ ചതുപ്പുഭൂമികൾ കൃഷിക്കാർക്കു കടക്കണമെങ്കിൽ വലിയ ആനഏലുകളും കാട്ടുവഴികളുമെല്ലാം കടന്നു വേണം. കാട്ടാന എപ്പോഴും വരുന്നു എന്നുള്ള ഭയത്തോടുകൂടി വേണം അവിടെ ജീവിക്കുവാൻ. വലിയ മരങ്ങളുടെ ശിഖരങ്ങളിൽ ഏറുമാടം കെട്ടിവേണം താമസിക്കുവാൻ. ഇത്തരത്തിൽ ക്ലേശിച്ചു് കൃഷിചെയ്യുന്ന പക്ഷം എത്രത്തോളം ആദായം കിട്ടുമെന്നുള്ളതിനെപ്പററി എപ്പോഴും ഉൽക്കണ്ഠിതരായിരിക്കുന്നു. എങ്കിലും വിശപ്പിൻെറ ഉററംകൊണ്ടു കുറെപ്പേരെങ്കിലും അവിടെ കൃഷിചെയ്യുവാൻ തയ്യാറായി. എന്നുവച്ചു് ഈ ക്ലേശങ്ങളേയും വൈഷമ്യങ്ങളേയും പരിഹരിക്കേണ്ട ചുമതല ഗവൺമെൻറിനില്ലയോ എന്നാണ് ഞാൻ ചോദിക്കുന്നതു്. സർ, രണ്ടു മൂന്നു ദിവസം മുൻപു പത്രത്തിൽ വായിക്കുകയുണ്ടായി കാളിയാററിൽ കാട്ടാനയുടെ ശല്യംനിമിത്തം അവിടെ വലിയഉപദ്രവങ്ങൾ ഉണ്ടാകുന്നുണ്ടെന്നു്. ഞാൻ അവിടെ പോയിട്ടുണ്ടു്. കൃഷി ചെയ്യുന്ന സ്ഥാനങ്ങൾക്കു് ചുററും വനങ്ങളാണ്. ആ സ്ഥലങ്ങൾകൂടി കൃഷിക്കു വിട്ടുകൊടുത്തിരുന്നുവെങ്കിൽ ഇത്തരം കാട്ടുമൃഗങ്ങൾക്കു് അവിടെ പ്രവേശിക്കുവാൻ പഴുതുണ്ടാകുമായിരുന്നില്ല. കാട്ടുമൃഗങ്ങൾക്കു് സഞ്ചരിക്കുവാനുള്ള സൗകര്യങ്ങൾ വേണ്ടുവോളം കൊടുത്തുകൊണ്ടു് അവിടെ കൃഷിയും ചെയ്തുകൊള്ളണമെന്നു പറഞ്ഞാൽ ജനങ്ങൾ എന്തു ചെയ്യും?

സർ, വൃക്ഷങ്ങൾ വയ്ക്കത്തക്ക പല സ്ഥലങ്ങളും വനങ്ങളിലു് ഉണ്ടു്. ഇത്തരം സ്ഥലങ്ങൾ കററിക്കാടായി കിടക്കുകയാണ്. ഈ സ്ഥല

[Mr. P. M. Verghese]

ങ്ങൾ വാരത്തിന് നെൽകൃഷിക്കായിട്ടു വിട്ടുകൊടുത്താൽ നെൽകൃഷിനടത്തുമെന്നുള്ളതുമാത്രമല്ല; അതോടൊപ്പം വൃക്ഷങ്ങളും നട്ടുപിടിപ്പിക്കാം. ഒരു കൊല്ലത്തെ കൃഷി കഴിയുമ്പോൾ ആ സ്ഥലങ്ങളിൽ തേക്കോ, അല്ലെങ്കിൽ, അതുപോലെയുള്ള മററു വൃക്ഷങ്ങളോ അവിടെ വച്ചു പിടിപ്പിക്കുവാൻ കഴിയും. ഇപ്പോൾ അങ്ങുമിങ്ങുമായി മാത്രമെ വനങ്ങളിൽ തേക്കുതടികൾ ഉള്ളു. ഇപ്രകാരം കൃഷിചെയ്യത്തക്ക സൗകര്യമുള്ള സ്ഥലങ്ങൾ തേടിപ്പിടിച്ച് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുകൂടി ഏർപ്പാടു ചെയ്യുന്നപക്ഷം കുറെക്കാലം കഴിയുമ്പോൾ നമ്മുടെ റിസർവ്വ വനങ്ങൾ രാജ്യത്തിന്റെ ധനസംബന്ധമായ ഒരു അക്ഷയപാത്രമായിത്തീരുന്നതാണ്. ഇന്ന് ഫാറസ്ററു ഡിപ്പാർട്ടുമെന്റിൽനിന്നു ചെയ്തുവരുന്ന ജോലി കുറെ കൂപ്പുകൾ ലേലത്തിൽ വില്ക്കുക, അതിൽനിന്നും കിട്ടുന്ന ആദായംകൊണ്ടുമാത്രം തൃപ്തിപ്പെടുകയെന്നതാണ്. ഇതിനുമാത്രമാണെങ്കിൽ ഇത്ര വലിയ ഒരു സംഖ്യ ചെലവുചെയ്തു ഒരു ഡിപ്പാർട്ടുമെന്റിനെത്തന്നെ സംരക്ഷിക്കേണ്ട ആവശ്യമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഫാറസ്ററു ഡിപ്പാർട്ടുമെന്റിനെ എത്രമാത്രം ഉപകാരപ്പെടുത്തുവാൻ കഴിയുമെന്നുകൂടി നോക്കേണ്ടതാണ്. തിരുവിതാംകൂറിലെ വനങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുവാൻ സൗകര്യമുള്ള സ്ഥലങ്ങൾ മുഴുവനും തേക്കിൻതൈകളോ അല്ലെങ്കിൽ അതുപോലെ വിലയുള്ള മററുതരം വൃക്ഷങ്ങളുടെ തൈകളോ വച്ചുപിടിപ്പിക്കുകയാണെങ്കിൽ ഈ തടികളെക്കൊണ്ടുമാത്രം അനേകംകോടിരൂപ ഗവണ്മെന്റിലേക്കു മുതലുണ്ടാക്കുവാൻ കഴിയും. ഇന്നു ഒരു ഏക്കറിൽ കൂടിയപക്ഷം എട്ടോ പത്തോ തടികൾമാത്രമെ കാണുകയുള്ളു. അതുകൊണ്ട് കൂടുതൽ തടികൾ വനങ്ങളിൽനിന്ന് എടുക്കത്തക്ക ഒരു പദ്ധതി ഇതുമൂലം ഗവണ്മെന്റിനു നടപ്പിൽ വരുത്തുവാൻ കഴിയും.

MR. R. MADHAVAN NAIR : ഇപ്പോൾ അത്തരത്തിൽ ഒരു പദ്ധതി ഗവണ്മെന്റ് നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും അതനുസരിച്ച് വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നുണ്ടെന്നും മെംബറിന് അറിയാമോ?

MR. P. M. VARGHESE : കുറെ സ്ഥലങ്ങളിൽ ഇപ്രകാരം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ടെന്ന് എനിക്കറിയാം.

MR. R. MADHAVAN NAIR : വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാനുള്ള വ്യവസ്ഥയോടുകൂടി കൃഷി സ്ഥലങ്ങളിൽ കുറെ അധികംഭാഗം തരിശായി കിടക്കുകയാണെന്നുള്ള വിവരം മെംബർക്കറിയാമോ?

MR. P. M. VARGHESE : കറെസ്ഥലം തരിശായി കിടപ്പുണ്ടെന്നാണു തോന്നുന്നതു്.

MR. K. BALAKRISHNA MENON : തേക്ക വളർന്നുവരാൻ എത്രകൊല്ലം വേണം?

MR. P. M. VARGHESE : വളരെക്കൊല്ലം വേണ്ടിവരും. എത്രനാൾ വേണമെങ്കിലും തേക്കു് വളരും.

MR. K. BALAKRISHNA MENON : അതു ഉപയോഗത്തിൽവരാൻ എത്ര കൊല്ലം വേണം?

MR. P. M. VARGHESE : ഏതുമാതിരിയുള്ള ഉപയോഗം എന്നറിഞ്ഞാലെ അതു പറയുവാൻ നിവൃത്തിയുള്ളൂ.

MR. K. BALAKRISHNA MENON : അതു് തടിയായിത്തീരുന്നതിനു് എത്ര കൊല്ലം വേണം?

MR. P. M., VARGHESE : കമ്പിത്തൂണുകൾക്കും മററും തേക്കിൻതടി ഉപയോഗിക്കുന്നുണ്ടു്. അതിനെപ്പററിയാണോ മെംബർ പറയുന്നതു്?

MR. K. BALAKRISHNA MENON : അതു തടിയല്ല, അതിനു കഴ എന്നാണു പറയുന്നതു്.

MR. P. M. VARGHESE : അതും തേക്കിൻതടിയായിട്ടാണു് ഞാൻ മനസ്സിലാക്കുന്നതു്.

ഈ വിധത്തിൽ നമ്മുടെ വനങ്ങൾ കൃഷിക്കും മററും ഉപയോഗപ്പെടുത്താതെ സംരക്ഷിക്കയാണെങ്കിൽ അതുകൊണ്ടു് രാജ്യത്തിനു പറയത്തക്ക ഗുണമൊന്നും ഉണ്ടാകുകയില്ല. കരഷകരുടെ സഹകരണത്തോടു കൂടി ഞാൻ മുൻ പറഞ്ഞരീതിയിലുള്ള ഒരു പദ്ധതി നടപ്പിൽവരുത്താൻ ഗവണ്മെൻറിനു നിഷ്പ്രയാസം കഴിയുന്നതാണു്.

MR. P. K. KURIAKOSE : യുദ്ധാപരിതഃസ്ഥിതിനിമിത്തം ഉണ്ടായിട്ടുള്ള ഭക്ഷണധാന്യക്ഷാമത്തെ പരിഹരിക്കുവാൻ വനം ഡിപ്പാർട്ടുമെൻറിൽ നിന്നും ൧൧൧൭-ാമാണ്ടു് ൭൦൦൦ ഏക്കറോളം സ്ഥലം തിരിച്ചുകൊടുക്കുകയുണ്ടായി. എന്നാൽ ഇങ്ങനെ തിരിച്ചുകൊടുത്ത സ്ഥലങ്ങളിൽ കാട്ടുജന്തുക്കളുടെ ശല്യം ഉണ്ടാകുവാൻഎളുപ്പമുള്ളതായിരുന്നതുകൊണ്ടു് ഇതിൽ മൂവായിരം ഏക്കർ സ്ഥലംമാത്രമെ കൃഷിക്കായി യഥാർത്ഥത്തിൽ ലേലം ചെയ്തുകൊടുത്തിട്ടുള്ളൂ. അതിൽ നേർപകുതിസ്ഥലത്തു മാത്രമെ ഇപ്പോൾ കൃഷിചെയ്യുവാനും സാധിച്ചുള്ളൂ എന്നും കാണുന്നു.

[Mr. P. K. Kuriakose.]

നെല്ലിനു വളരെ അത്യാവശ്യമുണ്ടായിരുന്നിട്ടും തിരിച്ചുകൊടുത്ത സ്ഥലം മുഴുവനും കൃഷി ചെയ്യാതിരിക്കുവാനുണ്ടായ കാരണമെന്താണെന്നു ഗവൺമെൻറു അന്വേഷിക്കേണ്ടതാണ്. ഒന്നാമതു് ആനകളുടെ ശല്യമുള്ള സ്ഥലങ്ങളാണ് മിക്കവാറും തിരിച്ചുകൊടുത്തിട്ടുള്ളതു്. രണ്ടാമതു ജനാധിവാസമുള്ള സ്ഥലങ്ങളിൽനിന്നും വളരെ അകന്നു കിടക്കുന്ന വനപ്രദേശങ്ങളാണ് കൃഷിക്കായി തിരിച്ചു കൊടുത്തിട്ടുള്ളതു്. തിരിച്ചുകൊടുക്കുന്ന സ്ഥലങ്ങൾ നിവൃത്തിയുള്ളിടത്തോളം ജനാധിവാസമുള്ള സ്ഥലങ്ങൾക്കടുത്തായിരുന്നാൽ കൃഷികാര്യങ്ങളിൽ ശ്രദ്ധിക്കുവാനും വന്യമൃഗങ്ങളുടെ ശല്യങ്ങൾ ഇല്ലാതാക്കുവാനും കൂടുതൽ സൗകര്യമുണ്ട്. വിത്തും വളങ്ങളും കൊണ്ടുപോകുന്നതിനും അവിടെനിന്നും കിട്ടുന്ന കാർഷികവിഭവങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിനും ഈ ഏർപ്പാടു സഹായകരമായിരിക്കും. ഒരു മെമ്പർ പ്രസ്താവിച്ചതുപോലെ ഇപ്പോൾ ആനകളുടെശല്യം നാൾക്കുനാൾ കൂടിക്കൂടിവരുന്നു എന്ന് പത്രങ്ങളിൽനിന്നും മററും മനസ്സിലാക്കാൻകഴിയും. ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണ്. മുൻകാലങ്ങളിലെപ്പോലെ ഇപ്പോൾ ആനകളെ പിടിക്കാറില്ലെന്നാണ് തോന്നുന്നതു്. മൂവാററുപുഴ താലൂക്കിലും ആനകളുടെശല്യം വളരെയുണ്ട്. മുൻപു് പതിച്ചുകൊടുത്തിട്ടുള്ള മന്നാൻകണ്ടം എന്ന സ്ഥലത്തുകൂടിയും ആനയുടെ ശല്യംകൊണ്ടു് കൃഷിമുഴുവൻ ചെയ്യാതിരിക്കുന്നു. അതുകൊണ്ട് ഈ ശല്യത്തിൽനിന്നു ജനങ്ങളെ രക്ഷിക്കുവാൻ ഗവൺമെൻറു് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളതു്.

ആനയുടെ ശല്യം കൂടുതലുള്ള ഭാഗങ്ങളിൽ അതിനെ പിടിക്കുന്നതിനു വേണ്ട ഏർപ്പാടുചെയ്യണം. ആനക്ക് ഇപ്പോൾ ഒരുവിധം നല്ല വില കിട്ടുന്നതാണ്. അതിനെ കാട്ടിലിട്ടു ജനങ്ങൾക്കു ഉപദ്രവം ഉണ്ടാകത്തക്ക രീതിയിൽ വളരുന്നതിനു ഇടയാക്കാതെ പിടിക്കുന്നതുകൊണ്ടു് ശരിയായ വില കിട്ടുന്നതിനും പുറമേ ഭക്ഷണസാധനങ്ങളുടെ കൃഷിക്കു വളരെ സൗകര്യം ലഭിക്കുന്നതുമാണ്. ആനകളെ വനങ്ങളിൽ നിന്നും പാടേ നശിപ്പിക്കണമെന്നല്ലാ ഞാൻ പറയുന്നതു്. എന്നാൽ കൃഷിക്കു നാശം ഉണ്ടാകാതിരിക്കത്തക്കവണ്ണം അവയുടെ ശല്യം കുറയ്ക്കണമെന്നാണ്.

MR. K. BALAKRISHNA MENON : ഉപദ്രവം ഉണ്ടാകുന്നതു കൂട്ടത്തോടു കൂടിയ ആനകളിൽ നിന്നാണെന്നു ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

MR. P. K. KURIAKOSE : അറിയാം. കൂട്ടത്തിൽനിന്നും ആനകളെ പിടിക്കുമ്പോഴാം മററു ആനകൾ അവിടെനിന്നും അകന്നു എവിടെയെങ്കിലും പോകും. അവയെ ശല്യപ്പെടുത്തുന്നില്ലെന്നു കാണുമ്പോഴാണ് കൂടുതൽ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നതു്.

എനിക്കു മറെറാരു സംഗതി അറിയിക്കുവാനുള്ളതു് കോതമംഗലം റിസർവിനടുത്തുള്ള സ്ഥലമാണെങ്കിലും ആ സ്ഥലത്തുകൂടി തടികൾ വെട്ടിയിറക്കി എന്നു മൈൽ അകലെയുള്ള ഡിപ്പോയിലേക്കു കൊണ്ടുപോകുന്നു. കോതമംഗലത്തുള്ളവർക്ക് തടി ആവശ്യമുണ്ടെങ്കിൽ ആ സ്ഥലത്തുകൂടി കൊണ്ടുപോയ തടിതന്നെ എന്നു മൈൽ അകലെയുള്ള ഡിപ്പോയിൽ ചെന്നു വാങ്ങിച്ചു തിരികെ കൊണ്ടുവന്നെങ്കിൽ മാത്രമേ ഉപയോഗപ്പെടുത്താൻ സാധിക്കയുള്ളു. അതിനാൽ കോതമംഗലത്തു റേഞ്ചാഫീസിനു ചുററുമുള്ള വിശാലമായ സ്ഥലത്തു ഒരു തടി ഡിപ്പോ സ്ഥാപിക്കണം. അതോടുകൂടിത്തന്നെ ഒരു വിറകു ഡിപ്പോ കൂടി സ്ഥാപിക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കും.

കൃഷിക്കാരെ സഹായിക്കുന്നതിന് വേണ്ട ഒത്താശകൾ ചെയ്യുന്നതിന് ഈ ഡിപ്പാർട്ടുമെൻറിനു സാധിക്കുന്നതാണ്. കമ്പോസിററുവളം ഈ ഡിപ്പാർട്ടുമെൻറു മുഖേന വളരെ എളുപ്പമുണ്ട്. അതു സമീപമുള്ള കൃഷിക്കാർക്ക് വളരെ സഹായമായിരിക്കും. മററു കൃത്രിമവളങ്ങൾ ഉപയോക്കുന്നതു ഇപ്പോൾത്തന്നെ കർഷകർക്ക് വലിയ ചിലവിനു ഇടവരുന്നുണ്ട്. എന്നാൽ ഫാറസ്ററു ഡിപ്പാർട്ടുമെൻറിൽനിന്നും കമ്പോസിററുവളം ധാരാളമായുണ്ടാക്കി അതിലേക്കു വളംഡിപ്പോകളും ഏർപ്പെടുത്തുന്നതായാൽ ഈ വളത്തിനു വില വളരെ കറയുന്നതും കൃഷിക്ക് വളരെ സൗകര്യമായി സ്ഥലത്തു കൊണ്ടുവന്നു ഉപയോഗിക്കാവുന്നതുമാണ്. ഈ കാര്യത്തിൽ ഫാറസ്ററു ഡിപ്പാട്ടുമെൻറു ഒരു പ്രത്യേകവകുപ്പ് ഏർപ്പെടുത്തുന്ന പക്ഷം ഫാറസ്റ്റിനെ കാത്തുരക്ഷിക്കുന്നതിനും വളം ഉണ്ടാക്കി വിതരണം ചെയ്യുന്നതിനും പര്യാപ്തമാകുന്നതാണ്. ഇപ്രകാരമായാൽ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യം വനങ്ങളുടെ സമീപം ഉണ്ടാകുന്നതിനും ഇട വരുന്നതാണ്. അതിനാൽ ഇക്കാര്യത്തിലും ഡിപ്പാർട്ടുമെൻറു പ്രത്യേക ദൃഷ്ടി പതിപ്പിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. K. K. CHELLAPPAN PILLAI: Sir, I support my honourable friend Mr. Nataraja Pillai in all that he has said about the Department. The process of exploitation and regeneration must go hand in hand and it is commendable to note that some good thing has been done in the matter of artificial regeneration. But natural regeneration has not been satisfactorily dealt with as could be seen even from the report. It should really receive the attention of the Government to a much greater extent. It is simply said satisfactory almost everywhere in the report.

Then, I have to draw the attention of the Government to one fact. Bamboo is a produce which could be cultivated in those forests as well as in the forests of Cochin. Some years ago, an expert was brought down in Cochin to enquire into the possibility of increasing the cultivation of bamboo and thereby enlarging or developing the industries that could be brought into existence by the utilisation of bamboo. For manufacture of paper......

PRESIDENT: It was the pulp that was investigated into.

MR. K. K. CHELLAPPAN PILLAI: Yes, Sir. It is remarked that it will take five years for the bamboo to become ripe for the purpose. I do not know what has become of the report or enquiry conducted in Cochin. But I suggest that the same experiment be conducted here also. I am sorry to find that our bamboo has been neglected. No experiment as to the possibilities of utilising this forest product has been conducted by the Department. The Administration Report relating to the Department for the year states: "The 4 clumps at Naduvathumuzhi and the one in the Conservator's bungalow compound are coming up well. Three clumps at Naduvathumuzhi were thinned and 65 bamboos were sent to Veapuram depot ...... These were continued to be removed under permit system on payment of seigniorage. The Punalur Paper Mills collected 5062 tons of reeds valued at Rs. 13,789. Reeds were collected in the Malayattur Division to the value of Rs. 33,240". Therefore, that question has not really received the proper attention of the Department. That may be really dealt with after full consideration.

Then, there is another matter to which I should like to draw the attention of the Government. Here, fodder as such is not available in large quantities in the forests. The Conservator does not know that hay or straw is not available in large quantities for the cattle in Travancore and, to add to it, it is understood that the Clay Factory at Kundara is now consuming large quantities of straw for packing its articles. Sir, the value of straw on that account has risen very high. The cultivation of fodder may be attempted by the Department and pursued with all seriousness it deserves.

There is yet another matter. Grass for packing purposes may also be cultivated in our forests. This could be sent to Kundara for use in the factory. That would save the consumption of straw to an extent.

PRESIDENT: Generally speaking, saw dust is used—not as much straw as saw dust.

MR. K. K. CHELLAPPAN PILLAI: Of course, saw dust is also used. I have come across people going with large *vullums* of hay to Kundara.

Sir, the question of compost manure has been dealt with by Mr. Kuriakose.

An expert may be brought down from any foreign place for finding out whether these forests have anything to do with the failure of the monsoons. It is high time that we enquired into the matter whether the depletion of the forests has anything to do with the failure of the monsoons. All of us know that the monsoons are really irregular nowadays. There is another matter which is connected with this. We are now having floods which are irregular and which cause erosion. There must be something wrong with our forests. Some scheme may be formulated after reference to expert opinion, in this matter also.

MR. K. BALAKRISHNA MENON: Sir, I wish to deal with a few important points. We are now supplying to the Defence Department logs from our forests. These logs are converted into sizes by them outside the State. If they are converted into sizes here and then supplied, our labour would be furnished with work and the sawdust and the remaining portions of the logs, etc., would become available for our use as firewood. This is a time when our country is facing a great scarcity in firewood. The forest Department should take control of the supply of firewood to the people of the State through the agency of recognised merchants, as done in our sister State of Cochin.

Sir, a comparison of the figures for 1117 and 1118 would show that there is an increase in the number of offences under the Forest Law during last year. This may be due to the fact that at present the number of ranges in the Department has been reduced. Some ranges have been included under one area. The ranges of Manjappara and Idyara have been included into one range. The work in these ranges is very great, especially in that of the Manjappara range. Sir, there are cases of Range Officers being treated badly by smugglers. If I remember correct, one Range Officer has been tied to a bamboo and hung upon one occasion. If timber, especially valuable timber, has to be preserved in these places Government ought not to bifurcate these ranges. The timber rejected after supplying the needs of the Defence services is being sold at a very high price. If we want to bring more revenue, we must get a higher price for our timber, given by us to the Defence Department.

Then, Sir, we are progressing in the process of disafforestation at a speedy rate thinking that the Defence Department is prepared to buy our timber, but in post-war days our timber will serve the useful purpose of acting as a check upon the depression that will happen in the State. We must reserve our timber because the Burma timber which was available during the last post-war days will not be so much available now. The Cochin Government at present is pursuing the policy of total disafforestation. Therefore, if we preserve our timber, we can

[Mr. K. Balakrishna Menon.]

check the depression that we may necessarily have to face during the post-war days. Therefore, we must pursue a policy of conservation of our forests, the replanting programme must be more systematic than followed now so that our forests may yield more revenue in post-war days.

Some of my honourable friends were of opinion that forest lands should be given for cultivation. I am against the giving of forest lands for purposes of cultivation. As Mr. Chellappan Pillai pointed out to the House, these frequent failures of monsoons are due to disafforestation, and havoc is the result. There is soil erosion also on this account, because there is no actual check on the soil in the mountains.

MR. P. M. VARGHESE: ചില കാലങ്ങളിൽ മഴ കൂടുതലായിട്ടു കാണുന്നുണ്ട്. ഇതു് ടിമ്പർ കുറഞ്ഞിട്ടാണോ ?

MR. K. BALAKRISHNA MENON: That will be only for a few periods. It is not a normal occurrence. As the years go on, we are observing that the monsoons are decreasing. Now regarding floods, for instance, even when there is only a single rain now-a-days, we find the rivers in floods. There is no check against flooding in the rivers due to disafforestation, for the water falling in the hills there is no check. As a consequence, the rivers are year by year getting inundated so to say. So much so, I fear that if this happens for a continuous period, in course of time, there will be no rivers in our State.

MR. P. K. KURIAKOSE: ഏലക്കൃഷികൊണ്ടു് റിസർവ്വു് നശിക്കുന്നുണ്ടോ?

MR. K. BALAKRISHNA MENON: In cardamom lands, trees are not allowed to be cut down, but only the undergrowths. It is also harmful to cut the trees that are giving shade to the cardamom. For these reasons, my submission is that our forests must be conserved so as to get good revenue to the State in the post-war days.

MR. T. T. KESAVAN SASTRY: സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു. രാജ്യത്തിന്റെ പൊതുനന്മയെ ലാക്കാക്കി വന സംരക്ഷണം നടത്തിവരികയാണല്ലോ. ഏറിയപങ്കും വനമായി കിടക്കുന്നതിനാലും, കൃഷിക്കും താമസത്തിനും സ്ഥലമില്ലാതെ അനേകർ അനുഭവിക്കുന്ന വിഷമതകളേയും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ കഴിഞ്ഞ അസംബ്ലി സമ്മേളനങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ജനങ്ങളുടെ സങ്കടങ്ങളിൽ പ്രത്യേകം ശ്രദ്ധയും കരുണയുമുള്ള ഗവണ്മെന്റു പരിഹാരം നല്കി. റിസർവുകളിൽനിന്നും ആയിരക്കണക്കിനു ഏക്കർ ചമ്മപ്പുസ്ഥലങ്ങളും ഒഴിവാക്കി

വേണ്ടവിധം കുത്തകപ്പാട്ടവ്യവസ്ഥയിൽ പൊതുജനങ്ങൾക്കു നൽകി. സർ, ഗവൺമെൻറിൻെറ ഈ ദാക്ഷിണ്യമനോഭാവത്തെ ജനങ്ങൾ എങ്ങും അഭിനന്ദിച്ചു. ഇങ്ങനെ റിസർവുകളിൽ നിന്നും ഒഴിവാക്കി കുത്തകപ്പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുള്ള സ്ഥലങ്ങളിലെ കൃഷി നടത്തിപ്പിൽ കൃഷിക്കാർക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാകാതിരിക്കുന്നില്ല. പ്രയാസങ്ങൾക്ക് ആവശ്യ പരിഹാരമുണ്ടാക്കാൻ ഡിപ്പാർട്ടുമെൻറധികാരികൾക്ക് നിഷ്പ്രയാസമായും സാധിക്കുന്നതാണ്. അവർ തങ്ങളുടെ ചുമതലകൾ വേണ്ടവിധം നിർവഹിക്കുന്നതായാൽ കൃഷിക്കാർക്കു അതു ഏറ്റവും സഹായമായി തീരുന്നതാണ്.

സർ, വിവിധ വന്യവിഭവങ്ങൾകൊണ്ട് ഗവൺമെൻറിനു ലഭിക്കാവുന്ന ആദായങ്ങളെപ്പററി ഓക്കാതിരിക്കുന്നില്ല. തടി, ഏലം, കുന്തിരിക്കം മുതലായ വന്യവിഭവങ്ങൾകൊണ്ടുള്ള ആദായം വളരെ വലുതാണെന്നും ഞാൻ ഓക്കാതിരിക്കുന്നില്ല. കാർമേഘങ്ങളെ തടഞ്ഞു വനവിഭവങ്ങൾ മഴപെയ്യിക്കുമെന്ന ബോധം മിക്കവാറും ശരിയാണെന്നാണ്, എൻറയും അഭിപ്രായം എങ്കിലും ആദായമില്ലാത്തതും, മഴക്കു സഹായകമാകാത്തതുമായ വനവിഭാഗങ്ങൾ, ഇങ്ങിനെ കൃഷിക്കു ഭൂമിയില്ലാത്തവക്ക് നൽകുന്നതു ഗണ്യമായ സഹായമായിരിക്കും.

സർ, ഈ അവസരത്തിൽ ഒരു പ്രധാന സംഗതി കൂടി ഇവിടെ പ്രസ്താവിക്കുവാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു. ചങ്ങനാശ്ശേരി താലൂക്കിൽചേന്ന മണിമല റേഞ്ചിൽനിന്നും ൫൦൦ ഏക്കർ സ്ഥലം കുത്തകപ്പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുള്ളതു മുഴുവൻ പിന്നോക്കസമുദായക്കാർ കൃഷി ചെയ്തിട്ടില്ലെന്നും വെറുതെ ഇട്ടിരിക്കുന്നുവെന്നും ബഹുമാനപ്പെട്ട ഫാറസ്ററു കൺസർവേററർ പ്രസ്താവിച്ചിട്ടുള്ളതു് തികച്ചും യാഥാത്ഥ്യമല്ലെന്നുള്ളതാണ്. എനിക്കു നേരിട്ടു ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ അറിയാം. പിന്നോക്കസമുദായക്കാർ പണം കെട്ടിവച്ചു് കുത്തകപ്പാട്ടത്തിനു പിടിച്ചിട്ടുള്ള ഈ സ്ഥലങ്ങൾ ഒരിഞ്ചു പോലും വെറുതെയിടാതെ മുഴുവൻസ്ഥലങ്ങളും ഭംഗിയായി കൃഷി ചെയ്യുന്നു എന്നുള്ളതാണ്. സ്വന്തമായി സ്ഥലങ്ങൾ ഇല്ലാതെ വിഷമതകളനുഭവിക്കുന്നവരാണ് പിന്നോക്കസമുദായക്കാരിൽ വമ്പിച്ച ഭൂരിപക്ഷവുമെന്നു ഈ സന്ദർഭത്തിലും പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. P. C. ADICHAN : സർ, ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട ഗവൺമെൻറു കൃഷിക്കായി വനങ്ങളിൽ നിന്നും പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങൾ മിക്കവാറും ചതുപ്പുനിലങ്ങളാണ്. ഈ സ്ഥലങ്ങളിലെ കൃഷി പല കാരണങ്ങളാലും നഷ്ടമായിത്തീർന്നിട്ടുണ്ട്. വനങ്ങളുടെ

[Mr. P. C. Adichan]

ഉള്ളിലുള്ള ചതുപ്പുനിലങ്ങൾ സർവ്വേ ചെയ്തു കൂടുന്ന കൂട്ടത്തിൽ, ആ നിലത്തിന്റെ രക്ഷയ്ക്കായി പ്രസ്തുത നിലത്തിന്റെ ചുറ്റുപാടും ഉള്ള കാടുകൾ തെളിഞ്ഞുകിടക്കത്തക്കവണ്ണം കുറച്ചു കര കൂടെ സർവ്വേ ചെയ്തു കൂടാത്തതാണ് ഒന്നാമത്തെ കാരണം. കൃഷികൾ സൂക്ഷിക്കുന്നതിനു ആ സ്ഥലങ്ങളുടെ ഒരു ഭാഗത്തിരുന്നാൽ ആന വന്ന് നിലങ്ങളിൽ ഇറങ്ങി ഒരു പങ്ക് തിന്നതിന്നുശേഷമേ ആനയെ കാണാൻ സാധിക്കയുള്ളു എന്ന തരത്തിലാണ് ചുറ്റുപാടുമുള്ള സ്ഥലങ്ങൾ കിടക്കുന്നത്. അതിനാൽ ഒരു ഭാഗത്തുനിന്നു നോക്കിയാൽ ആന വരുന്നുണ്ടോ ഇല്ലയോ എന്നു കാണാൻ സാധിക്കത്തക്കവണ്ണം ഈ സ്ഥലങ്ങളുടെ ചുറ്റുപാടും അരച്ചങ്ങലവീതം കര കൂടെ കൊടുക്കേണ്ടതു അത്യാവശ്യമാണ്. പത്തനാപുരം മുതലായ താലൂക്കുകളിൽ എടുത്തിട്ടുള്ള നിലങ്ങൾ നെല്ല് ആനശല്യംകൊണ്ട് നഷ്ടപ്പെട്ടിട്ടുള്ളതായി എനിക്കറിയാം. ചിലസ്ഥലങ്ങളിൽ ൫൦ ഏക്കർ ൨൦ ഏക്കർ കൊടുക്കുന്നകൂട്ടത്തിൽ രണ്ടോ മൂന്നോ ഏക്കർ കരകൂടി കൊടുക്കുന്നുണ്ട്. എന്നാൽ മഴക്കാലം വരുമ്പോൾ ഈ കരകളും മഴക്കാലത്തു വെള്ളം ഉറവായിവന്ന് നിലങ്ങളായി തീരുന്നുണ്ട്. അതിനെ പരിഹരിക്കുന്നതിനും മഴക്കാലത്തു ഈ സ്ഥലങ്ങൾ വെള്ളം കെട്ടി നില്ക്കുന്നതുകൊണ്ട് ഉറവെടുക്കാത്ത കര കൊടുക്കുന്നതും നന്നായിരിക്കും. വനങ്ങൾ തെളിക്കുന്നതുകൊണ്ട് മഴ കുറയും എന്നുള്ള സംഗതി വാസ്തവമാണെന്നു സമ്മതിക്കുന്നു. എന്നാൽ അനേകായിരം കൊല്ലങ്ങൾക്കുമുമ്പുതന്നെ വനങ്ങൾ തെളിച്ചാൽ മഴ കുറയുമെന്നു പറഞ്ഞിരുന്നു. അതിനുശേഷം വളരെ അധികം ഭൂമി കൃഷിക്കായി കൊടുത്തിട്ടുണ്ട്. പതിച്ചും കൊടുത്തിട്ടുണ്ട്. എന്നിട്ടും മഴ കുറഞ്ഞുകാണുന്നില്ല. അതിനാൽ അവശ സമുദായങ്ങൾക്ക് ഒരു പ്രത്യേക പരിഗണനയിന്മേൽ വനങ്ങളിൽനിന്ന് കുറച്ചു സ്ഥലം എടുത്ത് സാധുക്കളായ അവർക്ക് കൃഷിക്കായി നൽകുന്നതുകൊണ്ട് മഴ നിശ്ശേഷം ഇല്ലാതായിപ്പോകുമെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. അതിനാൽ ഈ കാര്യങ്ങളെ പരിഗണിച്ച് ഗവണ്മെന്റിൽനിന്നു വേണ്ടതു ചെയ്യുമെന്നു വിശ്വസിക്കുന്നു.

MR. T. K. NARAYANA PILLAI: Sir, I wish to draw the attention of Government to one particular problem which is a very pressing problem indeed in this State and which affects the various municipal towns and even rural parts and that is the problem relating to firewood. The reckless cutting down of trees has been going on for some years past in village parts. Nobody can deny that. And, no attempt has been made to stop this indiscriminate cutting down of trees. As a result.

